www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper
2024 SEPTEMBER
17
TUESDAY

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## ഐഫോണുകളേക്കാൾ ഡിമാൻഡ് ആപ്പിൾ വാച്ചുകൾക്ക്

**ന്യൂഡൽഹി:** കഴിഞ്ഞ 7 വർഷത്തിനിടെ ആപ്പിൾ വാച്ചുകൾക്ക് ഐ ഫോണുകളേക്കാൾ ഡിമാൻഡ് കൂടുതലാണെന്ന് റിപ്പോർട്ടുകൾ. അടുത്തിടെ പുറത്തു വന്ന കണക്കുകളനുസരിച്ച് ഐ ഫോൺ, ഐ പാഡ് എന്നിവയുടെ വിൽപ്പനയേക്കാൾ ഇരട്ടിയായി സ്മാർട്ട് വാച്ചുകളുടെ വിൽപന ഉയർന്നു.

വാച്ചുകളുടെ വില സാധാരണ ആപ്പിൾ ഉൽപ്പന്നങ്ങളെക്കാൾ കൂടുതലാണെന്നിരിക്കെ വിൽപ്പനയിൽ ഉണ്ടായ വർധന ശ്രദ്ധേയമാണ്. 2017 ൽ സീരീസ് 3 മോഡലിന് ഏകദേശം 30,000 രൂപയായിരുന്നു വിലയെങ്കിൽ 2024 ആകുമ്പോഴേക്കും അത് 50,000 ത്തോട് അടുത്തിരിക്കുകയാണ്. 7 വർഷത്തിനിടെ വാച്ച് വിപണിയിൽ 56.9 ശതമാനത്തിൻറെ പണപ്പെരുപ്പമാണ് ഉണ്ടായത്. ഇത് ഫോണിൻറെ പണപ്പെരുപ്പത്തേക്കാൾ ഉയർന്നതാണ്.

അതേസമയം, ആപ്പിളിൻറെ പുതിയ സീരിസ് ഐഫോൺ 16 മോഡൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇതോടെ ഐ ഫോൺ 15, ഐ ഫോൺ 14 എന്നിവയുടെ വില ഇടിഞ്ഞിട്ടുണ്ട്. 10,000 ത്തോളം രൂപയുടെ കുറവാണ് ഫോണുകൾക്ക് ഉണ്ടായത്. മാത്രമല്ല, കഴിഞ്ഞ വർഷം കമ്പനി പുറത്തിറക്കിയ ഐഫോൺ 15 പ്രോ മാക്സ് ഐഫോൺ 13 എന്നീ മോഡലുകളുൾപ്പെടെയുടെ ഉത്പാദവും ആപ്പിൾ അവസാനിപ്പിച്ചു.

## പത്തു പേർക്കു കൂടി നിപ്പ ലക്ഷണം: മലപ്പുറത്ത് നിയന്ത്രണം

**മലപ്പുറം:** പെരിന്തൽമണ്ണയിൽ നിപ്പ ബാധിച്ച് യുവാവ് മരിച്ചതിനു പിന്നാലെ ജില്ലയിൽ പത്തു പേർക്ക് കൂടി നിപ്പ ലക്ഷണം. ഇവരുടെ സ്രവ സാംപിൾ ശേഖരിച്ചെന്നും കോഴിക്കോട് ലാബിൽ പരിശോധിക്കുമെന്നും ആരോഗ്യവകുപ്പ് അറിയിച്ചു.

അതേസമയം, മരിച്ച യുവാവിന്റെ സമ്പർക്ക പട്ടികയിൽപ്പെട്ടവരെ കണ്ടെത്താൻ മൊബൈൽ ടവർ കേന്ദ്രീകരിച്ച് അന്വേഷണം തുടങ്ങി. യുവാവ് ബെംഗളൂരുവിൽനിന്ന് എത്തിയ ശേഷം എവിടെയെല്ലാം പോയെന്നാണ് പരിശോധിക്കുന്നത്. നിപ്പ ബാധ സ്ഥിരീകരിച്ചതോടെ മലപ്പുറത്ത് പ്രത്യേക കൺട്രോൾ റൂം തുറന്നു. 0483 2732010, 0483 2732050 എന്നിവയാണ് കൺട്രോൾ റൂമുമായി ബന്ധപ്പെടേണ്ട നമ്പർ.

നിപ്പ സ്ഥിരീകരിച്ചതിനു പിന്നാലെ മലപ്പുറം ജില്ലയിൽ മാസ്ക് നിർബന്ധമാക്കി ഉത്തരവ് പുറത്തിറക്കിയിരുന്നു. കണ്ടെയ്ൻമെന്റ് സോണുകളായി പ്രഖ്യാപിക്കപ്പെട്ട തിരുവാലി, മമ്പാട് പഞ്ചായത്തുകളിൽ കർശന നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തിരുവാലി പഞ്ചായത്തിലെ 4, 5, 6, 7 വാർഡുകളിലും മമ്പാട്ടെ ഏഴാം വാർഡിലും നിയന്ത്രണങ്ങൾ നിലവിൽ വന്നു.




പൊതുജനങ്ങൾ കൂട്ടംകൂടാൻ പാടില്ല, തിയറ്ററുകൾ അടച്ചിടണം, സ്കൂളുകളും കോളജുകളും അങ്കണവാടികളും അടക്കം പ്രവർത്തിക്കരുതെന്നാണു നിർദേശം. പ്രദേശത്തെ വ്യാപാരസ്ഥാപനങ്ങൾ രാവിലെ പത്തു മുതൽ വൈകിട്ട് ഏഴു വരെ മാത്രമേ പ്രവർത്തിപ്പിക്കാവൂവെന്നും ജില്ലാ കലക്ടർ അറിയിച്ചു.

### സമ്പർക്ക പട്ടികയിൽ 175 പേർ, യുവാവിന്റെ റൂട്ട് മാപ്പ് പുറത്തുവിട്ടു

**തിരുവനന്തപുരം:** മലപ്പുറം പെരിന്തൽമണ്ണയിൽ നിപ്പ ബാധിച്ച് മരിച്ച യുവാവിന്റെ സമ്പർക്ക പട്ടികയിൽ 175 പേർ. ആരോഗ്യ വകുപ്പ് തയാറാക്കിയ സമ്പർക്ക പട്ടികയിൽ 74 പേർ ആരോഗ്യ പ്രവർത്തകരാണ്. 126 പേർ പ്രൈമറി കോൺടാക്ട് പട്ടികയിലും 49 പേർ സെക്കന്ററി കോൺടാക്ട് പട്ടികയിലുമാണ്. പ്രൈമറി പട്ടികയിലുള്ള 104 പേരാണ് ഹൈ റിസ്ക് കാറ്റഗറിയിലുള്ളതെന്നും സമ്പർക്കപ്പട്ടികയിലുള്ള 10 പേർ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണെന്നും മന്ത്രി വീണാ ജോർജ് അറിയിച്ചു. നിലവിൽ 13 പേരുടെ സ്രവം പരിശോധനയ്ക്കായി അയച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

## കൊച്ചി കപ്പൽശാലയിൽ ഡിസിഐ ഡ്രെഡ്ജ് ഗോദാവരിക്കായി കീൽ ഇട്ടു

**കൊച്ചി:** ഡ്രെഡ്ജിംഗ് കോർപറേഷൻ ഓഫ് ഇന്ത്യയ്ക്കായി കൊച്ചി കപ്പൽശാല നിർമിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ഡ്രഡ്ജറിനുള്ള കീൽ ഇട്ടു. കൊച്ചി കപ്പൽശാലയിൽ നടന്ന ചടങ്ങിൽ കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ ഓൺലൈനായാണ് കീൽ സ്ഥാപിച്ചത്. ഡ്രെഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിനായാണ് 12,000 ക്യുബിക് മീറ്റർ ഹോപ്പർ കപ്പാസിറ്റിയുള്ള ഡിസിഐ ഡ്രെഡ്ജ് ഗോദാവരി എന്ന പേരിട്ടിരിക്കുന്ന ട്രെയിലിംഗ് സക്ഷൻ ഹോപ്പർ ഡ്രെഡ്ജർ (ടിഎസ്എച്ച്ഡി) നിർമിക്കുന്നത്. ഇത് പൂർത്തിയാകുന്നതോടെ ഇന്ത്യയുടെ നാവിക ശേഷിയുടെ സുപ്രധാന നാഴികക്കല്ലായി മാറും. ഇന്ത്യ ഗവൺമെന്റിന്റെ 'മേക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായുള്ള ആത്മനിർഭർ ഭാരത്' സംരംഭത്തിന് കീഴിലുള്ള ഒരു പ്രധാന ചുവടുവെയ്പ്പാണ്.ഡിസിഐ ഡ്രെഡ്ജ് ഗോദാവരി ഡിസൈനിലും നിർമ്മാണത്തിലും പ്രമുഖരായ നെതർലാൻഡ്സിലെ റോയൽ ഐച്ച്സി യുടെ സഹകരണത്തോടെയാണ് നിർമ്മി



ച്ചിരിക്കുന്നത്. കമ്മീഷൻ ചെയ്തു കഴിഞ്ഞാൽ, ഈ ഡ്രെഡ്ജർ ഇന്ത്യയിൽ ഇതുവരെ നിർമ്മിച്ചതിൽ വച്ച് ഏറ്റവും സാങ്കേതികമായി നൂതനമായ ഡ്രെഡ്ജർ ആയിരിക്കും. ഏറ്റവും വലിയ ഇന്ത്യൻ ഡ്രെഡ്ജിംഗ് കമ്പനിയായ എംഎസ് ഡിസിഐ യുടെ ശേഷി ഈ കപ്പൽ ഗണ്യമായി വർദ്ധിപ്പിക്കും, അതുവഴി മാരിടൈം ഇന്ത്യ വിഷൻ പ്രകാരം വിഭാവനം ചെയ്തിട്ടുള്ള ഇന്ത്യയിലെ എല്ലാ പ്രധാന തുറമുഖങ്ങളുടെയും ശേഷി വർദ്ധിപ്പിക്കാനും സാധിക്കും. ഇന്ത്യയുടെ ഡ്രെഡ്ജിംഗ് ശേഷി വർധിക്കുന്നതോടെ തീരദേശ, ഉൾനാടൻ ഷിപ്പിംഗ് വിപണിയുടെ വളർച്ചയ്ക്കും പിന്തുണ ലഭിക്കും.127 മീറ്റർ നീളവും 28 മീറ്റർ വീതിയുമാണ് കപ്പലിനുള്ളത്. നെതർലാൻഡ്സിലെ റോയൽ ഐഎച്ച്സിയുടെ ആഗോളതലത്തിൽ പ്രശംസ നേടിയ 'ബീഗിൾ' പ്ലാറ്റ്ഫോമിന് കീഴിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇന്ത്യയുടെ എല്ലാ തുറമുഖ ജലഗതാഗത വികസന ആവശ്യങ്ങളും നിറവേറ്റുന്ന വിധമാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. രാജ്യത്തിന്റെ തുറമുഖ വികസന പ്രവർത്തനങ്ങളിൽ ഇത് നിർണായകമാകും.



# അതിജീവനത്തിന്റെ പുതിയ സന്ദേശം പകർന്ന് വയനാട്ടിലെ കുട്ടികൾ; ആട്ടവും പാട്ടും ഫുട്ബോൾ മൽസരവും ആസ്വദിച്ച് അവർ ഓണം ആഘോഷിച്ചു

**കൊച്ചി:** ആട്ടവും പാട്ടും ഓണസദ്യയും പിന്നെ ഐ.എസ്.എൽ ഫുട്ബോൾ മൽസരവും ആസ്വദിച്ച് വയനാട് ഉരുൾപൊട്ടലിൽ ദുരന്തബാധിതരായ മുണ്ടക്കൈ, ചൂരൽമല പ്രദേശത്തെ വിദ്യാർഥികൾ. കേരളത്തെ കണ്ണീർക്കയത്തിലാക്കിയ ഉരുൾപൊട്ടലിൽ സർവതും നഷ്ടപ്പെട്ട കുട്ടികൾക്കും കുടുംബങ്ങൾക്കുമായി ഒരുമിച്ചോണം കൂടെയുണ്ട് എം.ഇ.എസ് എന്ന പേരിൽ മുസ്‌ലിം എഡ്യുക്കേഷൻ സൊസൈറ്റി (എം.ഇ.എസ്) യുടെ നേതൃത്വത്തിൽ ഫ്യൂച്ചറേസ് ഹോസ്പിറ്റൽ, പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ(പിആർസി ഐ) കൊച്ചിൻ ചാപ്റ്റർ, കേരള ബ്ലാസ്റ്റേഴ്സ്, ലുലു എന്നിവരുടെ പിന്തുണയോടെ അതിജീവനത്തിന്റെയും കരുതലിന്റെയും പുതിയ പാഠം പകർന്നു നൽകിക്കൊണ്ട് എറണാകുളത്ത് ഓണാഘോഷം സംഘടിപ്പിച്ചത്. ഉത്രാട ദിനത്തിൽ പുലർച്ചെ അഞ്ചരയോടെയാണ് എം.ഇ.എസ് ഭാരവാഹികളുടെ നേതൃത്വത്തിൽ 33 കുട്ടികളും അവരുടെ കുടുംബാഗങ്ങളും വാഹനത്തിൽ വയനാടിൽ നിന്നും യാത്ര തിരിച്ചത്. കോഴിക്കോട് എത്തിയ കുട്ടികൾക്ക് എം.ഇ.എസ് സംസ്ഥാന ആസ്ഥാനത്ത് സംസ്ഥാന പ്രസിഡന്റ് ഡോ. ഫസർ ഗഫൂറിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ഓണക്കോടിയും കൈനീട്ടവും നൽകി. തുടർന്ന് എം.ഇ.എസ് യൂത്ത് വിംഗിന്റെ നേതൃത്വത്തിൽ കുട്ടികളുമായി മിഠായി തെരുവിലും സന്ദർശനം നടത്തിയതിനു ശേഷമാണ് കൊച്ചിയിലേക്ക് തിരിച്ചത്.

തിരുവോണദിനത്തിൽ പുലർച്ചെ കൊച്ചിയിലെത്തിയ കുട്ടികൾക്കും കുടുംബാംഗങ്ങൾക്കും മാറമ്പിള്ളി എം.ഇ.എസ് കോളേജിലായിരുന്നു പ്രഭാത ഭക്ഷണം ഒരുക്കിയിരുന്നത്. തുടർന്ന് ആലുവ മെട്രോ സ്റ്റേഷനിലെത്തിയ കുട്ടികളെ സ്വീകരിച്ച് മെട്രോയിൽ കലൂർ സ്റ്റേഡിയത്തിൽ എത്തിച്ചു. ഇവിടെ വൈകുന്നേരത്തെ മൽസരത്തിനായി താരങ്ങളെ സ്റ്റേഡിയത്തിലേക്ക് കൈപിടിച്ച് ആനയിക്കുന്നതിന്റെ ആദ്യ ഘട്ട റിഹേഴ്സൽ നടത്തി. തുടർന്ന് കുട്ടികളെ ഐഎംഎ ഹൗസിൽ എത്തിച്ചു. കേരള ബ്ലാസ്റ്റേഴ്സ് ടീം ഓഫീഷ്യൽസ് ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് ഇവിടെയായിരുന്നു ഇവർക്കായി ഓണാഘോഷവും കലാപരിപാടികളും ഓണസദ്യയുമെല്ലാം ഒരുക്കിയിരുന്നത്. എം.ഇ.എസ് സംസ്ഥാന സെക്രട്ടറി കെ കെ കുഞ്ഞുമൊയ്തീൻ ഓണാഘോഷം ഉദ്ഘാടനം ചെയ്തു. എം.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റ് ആർ.കെ ഷാഫി അധ്യക്ഷത വഹിച്ചു. എം ഇ എസ് സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം സക്കീർ ഹുസൈൻ മുഖ്യ പ്രഭാഷണം നടത്തി. കേരള ബ്ലാസ്റ്റേഴ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സുഷേൻ വസിഷ്ഠ്, കേരള ബ്ലാസ്റ്റേഴ്സ് ചീഫ് റവന്യു ഓഫീസറും പിച്ച് മാനേജറുമായ ജോബി ജോസഫ്, ചീഫ് മാർക്കറ്റിംഗ് ഓഫീസർ ആന്റണി മനു എന്നിവർ മുഖ്യഅതിഥികളായിരുന്നു. നടനും സംവിധായകനുമായ ശ്രീകാന്ത് മുരളി, പിന്നണി ഗായിക സംഗീത ശ്രീകാന്ത് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കായി കലാപരിപാടികൾ നടത്തി. എം.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന ജനറൽ സെക്രട്ടറി ബി.എച്ച് മുഹമ്മദ് നിസാർ സ്വാഗതം ആശംസിച്ചു.



വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിത പ്രദേശത്തെ കുട്ടികൾക്കായി എം.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന കമ്മിറ്റിയും ഫ്യൂച്ചറേസ് ഹോസ്പിറ്റൽ, പി.ആർ.സി. ഐ കൊച്ചി ചാപ്റ്റർ എന്നിവർ കൊച്ചി ഐ.എം.എ ഹാളിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടിയിൽ കേരള ബ്ലാസ്റ്റേഴ്സ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സുഷേൻ വസിഷ്ഠ് കുട്ടികളുമായി സംവദിക്കുന്നു.

എം.ഇ.എസ് നേതാക്കളായ എം എം അഷ്റഫ്, ലിയാഖത്ത് അലിഖാൻ , ഇ.എം നിസാർ, എച്ച്.എസ് അബ്ദുൾ ഷെരീഫ്, എം. ഐ അബ്ദുൾ ഷെരീഫ്, ഷിബു അലിയാർ, എം.അഫ്സൽ, ഡോ മുഹമ്മദ് റിയാസ്, ടി.പി അമീർ, അഡ്വ മുഹമ്മദ് ഷഫീക്, ഷാഫി പുൽപ്പാറ, ഡോ. അൻവർ ഹസൈൻ, അമീർ അലി, സംസ്ഥാന ട്രഷറർ ശഹിം ശാഹുൽ തുടങ്ങിയവർ സംസാരിച്ചു. ദുരന്തത്തിന്റെ കണ്ണീരോർമകൾ എല്ലാം മറന്ന് കരുത്തോടെ മുന്നോറുന്നതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി സംഘടിപ്പിച്ച ആഘോഷ പരിപാടിയിൽ എല്ലാം മറന്ന് പാട്ടും നൃത്തവുമായി കുട്ടികൾ പങ്കു ചേർന്നതോടെ അതീജീവനത്തിന്റെ പുതിയ അധ്യായത്തിന് തുടക്കമാകുകയായിരുന്നു. ഓണസദ്യയ്ക്ക് ശേഷം കുട്ടികളെ വീണ്ടും സ്റ്റേഡിയത്തിലെത്തിച്ച് ട്രയൽ നടത്തി. വൈകിട്ട് നടന്ന ഐ.എസ്.എൽ മൽസരത്തിനു ശേഷം ലൂലുവിൽ ഒരുക്കിയിരുന്ന അത്താഴ വിരുന്നിലും ഗെയിം സോണിലും ആഹ്ലാദത്തോടെ പങ്കെടുത്ത കുട്ടികൾക്ക് കൈനിറയെ സമ്മാനങ്ങൾ കൂടി നൽകിയാണ് എം.ഇ.എസ് യൂത്ത് വിംഗ് സംസ്ഥാന കമ്മിറ്റി അവരെ യാത്രയാക്കിയത്.

# മനംവകരുന്ന സംഗീത വിരുന്നുമായി കൈതപ്രം; മുത്ത് പതിച്ച സഫ്ടിക ശിൽപ്പം സമ്മാനിച്ച് യൂസഫലി

**കോഴിക്കോട് :** മണ്ണിനോടും പ്രകൃതിയോടും ഇഴുകിചേർന്ന് നിൽക്കുന്ന തിരുവണ്ണൂരിലെ കാരുണ്യം വീട്ടിലേക്ക് അപ്രതീക്ഷിതമായാണ് എം.എ യൂസഫലി എത്തിയത്. തിരക്കുകൾക്കിടയിലും കോഴിക്കോടെത്തിയ ഉടനെ ആദ്യം ആഗ്രഹിച്ചതും പ്രിയമിത്രത്തെ കാണാൻ. അതിഥിയായെത്തിയ കച്ചവടത്തിന്റെ കലാകാരനെ ഹൃദയംനിറഞ്ഞ സംഗീതത്തോടെ കൈതപ്രം സ്വീകരിച്ചു. ലുലുവിനുള്ള സ്വാഗതം ഗാനം കൈതപ്രത്തിൻറെ ശിഷ്യർ ഏറ്റുപാടിയത് മനംനിറഞ്ഞ് കേട്ടിരുന്നു എം.എ യൂസഫലി.പിന്നാലെ പ്രിയസുഹൃത്തിന് കൈയ്യിൽ കരുതിയ മുത്ത് പതിച്ച സഫ്ടിക ശിൽപ്പം സമ്മാനിച്ചു.സൗഹൃദസംഗമത്തിന്റെ നേർസാക്ഷ്യമായി മാറി കൈതപ്രത്തിന്റെ വസതി.

കോഴിക്കോട് ലുലു മാളിന്റെ ഉദ്ഘാടന തിരക്കുകൾക്കിടയിലാണ് കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ വീട് എം.എ യൂസഫലി സന്ദർശിച്ചത്. മികച്ച സുഹൃദ്ബന്ധമാണ് ഇരുവരും സൂക്ഷിക്കുന്നത്. പ്രായത്തിൽ അനുജനാണെങ്കിലും സ്നേഹവും ബഹുമാനവും കൊണ്ട് ഇക്കയെന്നാണ് യൂസഫലിയെ കൈതപ്രം ദാമോദരൻ നമ്പൂതിരി വിളിക്കുന്നത്. കോഴിക്കോട് എത്തിയ ഉടനെ തന്നെ നേരിൽ കാണാൻ യൂസഫലി എത്തിയതിൽ അതിയായ സന്തോഷമുണ്ടെന്ന് കൈതപ്രം ദാമോദരൻ നമ്പൂതിരി പറഞ്ഞു. ലുലു കോഴിക്കോട് തുറക്കുന്നുവെന്ന് അറിഞ്ഞപ്പോൾ സ്വന്തം കുടുംബത്തിലെ സംഭവം നടക്കുന്നത് പോലെയാണ് അനുഭവപ്പെട്ടതെന്ന് കൈതപ്രം കൂട്ടിചേർത്തു. ഭൗതികതയുടെ ഉത്യുഗശ്രംഖത്തിൽ എത്തിയപ്പോഴും ആത്മീയത വിടാത്ത മതത്തിന്റെ സത്ത വിടാത്ത മതേതരത്വമുള്ള വലിയ മനുഷ്യനാണ് എം.എ യൂസഫലിയെന്ന് കൈതപ്രം വ്യക്തമാക്കി.പ്രിയസുഹൃത്തിന് പരിശുദ്ധമായ മുത്താണ് എം.എ യൂസഫലി സമ്മാനിച്ചത്.

മഴനീർ തുള്ളിയെ മുത്തായി മാറ്റും നന്മണിചിപ്പിയെ പോലെ എന്ന തന്റെ ഗാനം ഉപമിച്ചാണ് കൈതപ്രം നമ്പൂതിരി സുഹൃത്തിന്റെ സമ്മാനം ഏറ്റുവാങ്ങിയത്. മഴത്തുള്ളിയുടെ തപസ് പോലെ യൂസഫലിയുടെ നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും പ്രതീകമാണ് ലുലുവിന്റെ വിജയമെന്നും സമ്മാനം ഹൃദയത്തിൽ സൂക്ഷിക്കുമെന്നും കൈതപ്രം നമ്പൂതിരി വ്യക്തമാക്കി. ജീവിതതതിലെ എണ്ണപ്പെട്ട നിമിഷമായി ഈ കൂടിക്കാഴ്ചയെ കണക്കാക്കുന്നുവെന്നും അദേഹം കൂട്ടിചേർത്തു. ഏറെ നേരെ കൈതപ്രം നമ്പൂതിരിക്കും കുടുംബത്തിനൊപ്പം വിശേഷങ്ങൾ പങ്കിട്ട ശേഷമാണ് യൂസഫലി മടങ്ങിയത്.





അയൽവാസിയുടെ ക്രൂരതയിൽ പശുവിനെ നഷ്ടപ്പെട്ട എടക്കാട്ടുവയലിലെ ക്ഷീരകർഷകനായ പള്ളിക്കനിരപ്പേൽ മനോജിന് വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പശുവിനെയും കിടാവിനെയും കൈമാറുന്നു.

# ക്ഷീര കർഷകന് പശുവിനെ നൽകി വി.എച്ച്.പി

**കൊച്ചി :** അയൽവാസിയുടെ അതിക്രമത്തിൽ പശുവിനെ നഷ്ടപ്പെട്ട എടയ്ക്കാട്ടുവയലിലെ ക്ഷീര കർഷകനായ പള്ളിക്കനിരപ്പേൽ മനോജിന് വിശ്വഹിന്ദു പരിഷത്ത് എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പശുവിനെയും കിടാവിനെയും നൽകി. കലൂർ ശ്രീ പാവക്കുളം മഹാദേവക്ഷേത്രത്തിലെ ഗോശാലയിൽ നിന്നുള്ള പശുവിനെയാണ് നൽകിയത്. ഉത്രാടദിനത്തിൽ വി.എച്ച്.പി. നേതാക്കൾ മനോജിന്റെ വീട്ടിലെത്തിയാണ് പശുവിനെയും കിടാവിനെയും കൈമാറിയത്. വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന കാര്യകർത്താക്കളായ ജി. ശ്രീകുമാർ, അഭിനു സുരേഷ്, വി.എച്ച്.പി കൊച്ചി മഹാനഗരം പ്രസിഡന്റ് സുബ്രഹ്മണ്യ അയ്യർ, ജില്ലാ സെക്രട്ടറി പി.കെ.ജയേഷ്, വി.എച്ച്.പി ചോറ്റാനിക്കര പ്രഖണ്ട് പ്രസിഡന്റ് വേണു ചക്കുംകരിക്കൽ , സെക്രട്ടറി രാജ്മോഹൻ , സേവപ്രമുഖ് ബിനു കാരിക്കാവേലിൽ തുടങ്ങിയവർ പങ്കെടുത്തു. മനോജിന്റെ നാല് മാസം ഗർഭിണിയായ പശുവിനെ അയൽവാസി വെട്ടികൊലപ്പെടുത്തുകയും മറ്റൊരു പശുവിനെ ഗുരുതര പരിക്കും ഏൽപ്പിച്ചിരുന്നു.

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃയോഗം

**കൊച്ചി:** കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ഭാരവാഹികൾ, റീജണൽ ഡയറക്ടർമാർ, പ്രസിഡന്റുമാർ, ആനിമേറ്റർമാർ, രൂപതാ ഡയറക്ടർമാർ എന്നിവരുടെ സംയുക്ത യോഗം എറണാകുളത്ത് പാലാരിവട്ടം പി.ഒ.സിയിൽ ഇന്ന് (17.09.2024 ചൊവ്വ) രാവിലെ 10 ന് നടക്കുമെന്ന് സംസ്ഥാന സെക്രട്ടറി പ്രസാദ് കുരുവിള അറിയിച്ചു. മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ. ജോൺ അരീക്കൽ അദ്ധ്യക്ഷത വഹിക്കുന്ന യോഗം കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് യുഹാനോൻ മാർ തെയോഡോഷ്യസ് ഉദ്ഘാടനം ചെയ്യും. സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ഗുരുതരമായ ചട്ടലംഘനങ്ങൾക്കെതിരെ നിയമനടപടികളും, സംസ്ഥാന സർക്കാരിന്റെ അപ്രഖ്യാപിത മദ്യനയങ്ങൾക്കെതിരെയും പ്രത്യക്ഷ സമരപരിപാടികളും യോഗം ചർച്ച ചെയ്ത് തീരുമാനിക്കും.

## ഇന്ത്യൻ അന്താരാഷ്ട്ര ചലച്ചിത്ര മേള നവംബർ 20 മുതൽ 28 വരെ ഗോവയിൽ

**ന്യൂ ഡൽഹി:** 55ാമത് ഇന്ത്യൻ അന്താരാഷ്ട്ര ചലച്ചിത്ര മേള, നവംബർ 20 മുതൽ 28 വരെ ഗോവയിൽ നടക്കും. വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം കഎഎക, 2024 ന്റെ ഭാഗമായി ഇന്ത്യൻ യുവ ചലച്ചിത്ര സംവിധായകർക്കായി 'ബെസ്റ്റ് ഡെബ്യു ഇന്ത്യൻ ഫിലിം സെക്ഷൻ 2024' എന്ന പേരിൽ ഒരു പുതിയ വിഭാഗം ആരംഭിച്ചു.ഈ വിഭാഗത്തിലൂടെ ഐഎഫ്എഫ്ഐ, ഇന്ത്യൻ നവാഗത സംവിധായകരുടെ ചിത്രങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും. പുതിയ സംവിധായകരുടെ സൃഷ്ടികൾ പ്രദർശിപ്പിച്ച് യുവപ്രതിഭകൾക്ക് ഒരു വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയാണിത്. ഇന്ത്യൻ സിനിമയ്ക്ക് പുത്തൻ കാഴ്ചപ്പാടുകളും കഥകളും സംഭാവന ചെയ്യുന്ന പുതിയ സംവിധായകരുടെ സൃഷ്ടികൾ പ്രദർശിപ്പിക്കും. നവാഗത സംവിധായകരുടെ പരമാവധി 5 സിനിമകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി തിരഞ്ഞെടുക്കുകയും ബെസ്റ്റ് ഡെബ്യു ഇന്ത്യൻ ഫിലിം വിഭാഗത്തിൽ പ്രദർശിപ്പിക്കുകയും ചെയ്യും.ഇതുകൂടാതെ, 2024ലെ 55ാമത് ഇന്ത്യൻ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഇന്ത്യൻ സിനിമയിലെ മികച്ച നവാഗത സംവിധായകനുള്ള പുരസ്കാരവും സമ്മാനിക്കും.



# വല്ലാർപാടം ബസിലിക്കയിൽ ചരിത്രതിരുനാളിന് കൊടിയേറി

**കൊച്ചി:** പരിശുദ്ധ വല്ലാർപാടത്തമ്മയുടെ പുണ്യ ദേവാലയത്തിന്റേയും പരിശുദ്ധ മാതാവിന്റെ തിരുച്ചിത്ര സ്ഥാപനത്തിന്റേയും അഞ്ഞൂറ് വർഷങ്ങൾ പിന്നിടുന്നചരിത്ര പ്രാധാന്യമുള്ള ഈ വർഷത്തെ തിരുനാളിന് കൊടിയേറി.

വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് എമിരിത്തൂസ് റവ.ഡോ. ഫ്രാൻസീസ് കല്ലറക്കൽ കൊടിയേറ്റിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഒൻപത് നാളുകൾ നീണ്ടു നിൽക്കുന്ന തിരുനാൾ 24 ന് സമാപിക്കും.1524 ൽ പോർച്ചുഗീസ് മിഷനറിമാരാൽ പരിശുദ്ധാത്മാവിന്റെ നാമധേയത്തിലുള്ള പഴയ പള്ളിയിൽ പരിശുദ്ധ കന്യകാമാതാവിന്റെ തിരുച്ചിത്രം സ്ഥാപിച്ചതിന്റെ മഹാജൂബിലി ആഘോഷങ്ങൾ കഴിഞ്ഞ മൂന്ന് വർഷങ്ങളായി ആചരിച്ചു വരികയാണ്. കൊടിയേറ്റത്തിനു ശേഷമുള്ള ദിവ്യബലിക്ക് ബിഷപ്പ് ഡോ. ഫ്രാൻസീസ് കല്ലറക്കൽ മുഖ്യ കാർമ്മികത്വം വഹിച്ചു. റവ. ഡോ.സ്റ്റാൻലി മാതിരപ്പിള്ളി പ്രസംഗിച്ചു. ഇന്ന് മുതലുള്ള തിരുനാൾ ദിനങ്ങളിൽ വൈകീട്ട് 5.30 നുള്ള ദിവ്യബലികൾക്ക് ഫാ. ജൂഡിസ് പനക്കൽ, റവ.ഡോ. അഗസ്റ്റിൻ മുള്ളൂർ ഛഉഇ, ഫാ.മാർട്ടിൻ അഴീക്കകത്ത്, റവ.ഡോ. ക്ലമന്റ് വള്ളുവശ്ശേരി, ഫാ.എബിജിൻ അറക്കൽ, കോട്ടപ്പുറം രൂപത ബിഷപ്പ് എമിരിത്തൂസ് റവ. ഡോ.ജോസഫ് കാരിക്കശ്ശേരി, മോൺസിഞ്ഞോർ മാത്യു കല്ലിങ്കൽ എന്നിവർ മുഖ്യ കാർമ്മികരായിരിക്കും.ഫാ. യേശുദാസ് പഴമ്പിള്ളി, ഫാ ജോസ് തോമസ് ഛഞ, ഫാ. അൽബിൻ ഉഴുന്നു കാട്ടിൽ ഛഉഇ, ഫാ.എബിൻ വാരിയത്ത്, ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ, ഫാ. മിഥുൻ മെന്റസ്, ഫാ. നെൽസൺ ജോബ് ഛഉഇ എന്നിവർ പ്രസംഗിക്കും. തിരുനാൾ സമാപന ദിനമായ 24 ന് രാവിലെ 10 ന് ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ റവ.ഡോ. ആന്റണി വാലുങ്കൽ മുഖ്യ കാർമ്മികത്വം വഹിക്കും. ഫാ.ജോംസൺ തോട്ടുങ്കൽ വചനപ്രഘോഷണം നടത്തും. ദിവ്യബലിക്ക് മുന്നോടിയായി ചേന്ദമംഗലം കുടുംബാംഗങ്ങൾക്ക് സ്വീകരണവും, പള്ളിവീട്ടിൽ മീനാക്ഷിയമ്മയുടെ പിൻ തലമുറക്കാർ പരമ്പരാഗതമായി ചെയ്തു വരുന്ന മോരു വിതരണവും ഉണ്ടായിരിക്കും.രാവിലെ 7 നും, ഉച്ചതിരിഞ്ഞ് 3 നും വൈകീട്ട് 5നും, 6 നു മുള്ള മലയാളം ദിവ്യബലികൾക്ക് പുറമേരാവിലെ 6 നും വൈകീട്ട് 4 നും തമിഴിലും, വൈകീട്ട് 7 ന് ഇംഗ്ലീഷിലും ദിവ്യബലികൾ ഉണ്ടായിരിക്കും.

സെപ്റ്റംബർ 29 മുതൽ ഒക്ടോബർ ഒന്നു വരേ മൂന്ന് നാൾ നീണ്ടു നിൽക്കുന്ന മഹാ ജൂബിലി തിരുനാളും ഈ വർഷം പ്രത്യേകമായി എട്ടാമിടത്തോടൊപ്പം ആഘോഷിക്കുന്നുണ്ട്.

ജോസഫ് ജോസഫ് വാക്കയിൽ, വീണ ബെർനാർഡ് കോനംകോടത്ത് എന്നിവരാണ് ഈ വർഷത്തെ പ്രസുദേന്തിമാർ.ബസിലിക്ക റെക്ടർ ഫാ. ജെറോം ചമ്മിണിക്കോടത്ത്, സഹവികാരിമാരായ ഫാ. ആന്റണി ഷൈൻ കാട്ടുപ്പറമ്പിൽ, ഫാ. സാവിയോ ആന്റണി തെക്കേപ്പാടത്ത്, ഫാ.ഷിബു ചാത്തനാട് എന്നിവർ തിരുനാളാഘോഷങ്ങൾക്ക് നേതൃത്വം നൽകും.

# ഇന്ത്യൻ ഭാഷാ വിഭാഗം ഭാഷകളുടെ സംരക്ഷണ കേന്ദ്രമായി മാറും: അമിത് ഷാ

**ന്യൂ ഡൽഹി:** വരും വർഷങ്ങളിൽ ഇന്ത്യൻ ഭാഷാ വിഭാഗം നമ്മുടെ ഭാഷകളുടെ സംരക്ഷണ കേന്ദ്രമായി മാറുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. ഔദ്യോഗിക ഭാഷാ വജ്രജൂബിലി ആഘോഷങ്ങളിലും നാലാമത് അഖില ഭാരതീയ രാജ്ഭാഷാ സമ്മേളനത്തിലും പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.ഇന്ത്യൻ ഭാഷാ വിഭാഗം, ഔദ്യോഗിക ഭാഷാ വകുപ്പിന്റെ പൂരക വിഭാഗമായി മാറുമെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ എല്ലാ പ്രാദേശിക ഭാഷകളും ശക്തിപ്പെടുത്തുകയും ഔദ്യോഗിക ഭാഷയും മറ്റ് ഇന്ത്യൻ ഭാഷകളും തമ്മിൽ ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നതുവരെ ഔദ്യോഗിക ഭാഷയുടെ ഉന്നമനം പൂർത്തിയാകില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, നിയമ സംവിധാനം എന്നിവയിൽ ഹിന്ദിയുടെ ഉപയോഗം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെൻറ് പ്രവർത്തിക്കുന്നുണ്ടെന്ന് അമിത് ഷാ പറഞ്ഞു. ഇന്ത്യയിലെ പതിമൂന്നോളം ഭാഷകളിൽ എഞ്ചിനീയറിംഗ് പാഠ്യപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും വരും ദിവസങ്ങളിൽ തീർച്ചയായും ഗവേഷണ ഭാഷ ഹിന്ദിയായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഹിന്ദിയിലൂടെ മാത്രമേ ഇന്ത്യയിലെ ഭാഷകളെ ശക്തിപ്പെടുത്താൻ കഴിയൂ എന്നും തിരിച്ചു ഇന്ത്യൻ ഭാഷകളിലൂടെ മാത്രമേ ഹിന്ദിക്ക് അഭിവൃദ്ധി ഉണ്ടാകൂവെന്നും അമിത് ഷാ പറഞ്ഞു.'രാജ്ഭാഷാ ഭാരതി' മാസികയുടെ വജ്രജൂബിലി പ്രത്യേക ലക്കം, വജ്രജൂബിലിയുടെ ഭാഗമായി സ്മരണിക തപാൽ സ്റ്റാമ്പും സ്മാരക നാണയം എന്നിവയും ചടങ്ങിൽ അദ്ദേഹം പ്രകാശനം ചെയ്തു. രാജ്ഭാഷ ഗൗരവ്, രാജ്ഭാഷ കീർത്തി പുരസ്കാരങ്ങളും സമ്മാനിച്ചു.

# ഐഎസ്എൽ: ബ്ലാസ്റ്റേഴ്സിന് കണ്ണീരോണം; പഞ്ചാബിന് ഹാപ്പി ഓണം



**കൊച്ചി:** കണക്കുകൾ തീർക്കാൻ പുതിയ ആശാന്റെ കീഴിൽ പുതിയ അഭ്യാസ മുറകളുമായി തിരുവോണദിനത്തിൽ പഞ്ചാബിനെതിരെ സ്വന്തം തട്ടകത്തിൽ ഇറങ്ങിയ കേരളത്തിന്റെ കൊമ്പന്മാർക്ക് തോൽവി. ഒന്നിനെതിരെ രണ്ടു ഗോളുകൾക്കാണ് പഞ്ചാബ് എഫ്സിയോട് കേരള ബ്ലാസ്റ്റേഴ്സ് പരാജയപ്പെട്ടത്. രണ്ടാം പകുതിയുടെ അവസാനഘട്ടത്തിൽ പകരക്കാരനായെത്തി ഒരു ഗോൾ അടിക്കുകയും മറ്റൊന്നിനു അവസരമൊരുക്കുകയും ചെയ്ത ലുക്കാ മാജ്സൻ ഓണ് പഞ്ചാബിനു ജയമൊരുക്കിയത്. ഇഞ്ചുറി ടൈമിൽ ഫിലിപ് മിർസ്ലക് വിജയ ഗോൾ നേടി. ബ്ലാസ്റ്റേഴ്സിനായി സ്പാനിഷുകാരൻ ജീസസ് ജിമിനെസാണ് ആശ്വാസ ഗോൾ നേടിയത്.

സ്റ്റാർ പ്ലയർ അഡ്രിയാൻ ലൂണയില്ലാതെയാണ് ബ്ലാസ്റ്റേഴ്സ്ഈ സീസണിൽ തങ്ങളുടെ ആദ്യ മൽസരത്തിനായി കളത്തിൽ ഇറങ്ങിയത്. കഴിഞ്ഞ സീസണിൽ പരിക്കേറ്റ് പിന്മാറിയ ഗോൾ കീപ്പർ സച്ചിൻ സുരേഷ് പരിക്ക് മാറി തിരിച്ചെത്തി.പ്രതിരോധത്തിൽ സന്ദീപ് സിങ്, പ്രീതം കോട്ടൽ, മുഹമ്മദ് സഹീഫ്, മിലോസ് ഡ്രിൻസിച് എന്നിവർ അണിനിരന്നു. മധ്യനിരയിൽ അലക്സൻഡ്രെ കൊയെഫ്, ഫ്രഡി ലല്ലാംമാവ്മ, മുഹമ്മദ് അയ്മൻ എന്നിവരും മുന്നേറ്റത്തിൽ നോഹ സദൂയ്, ക്വാമി പെപ്ര, രാഹുൽ കെ പി എന്നിവരുമെത്തി.

പഞ്ചാബ് എഫ് സിയുടെ ഗോൾ വല കാത്തത് രവികുമാർ ആയിരുന്നു. കെ ലുങ്ധിം, അഭിഷേക് സിങ്, സുരേഷ് മെയ്തി, ഇവാൻ നുവോസെലച് എന്നിവർ പ്രതിരോധത്തിൽ. മധ്യനിരയിൽ ഫിലിപ് മിർസിയാക്, വിനിത് റായ്, എസ്ക്യുയെൽ വിദാൽ, നിഖിൽ പ്രഭു എന്നിവർ. ബക്കെങ്ങയും നിഹാൽ സുധീഷുമായിരുന്നു മുന്നേറ്റത്തിൽ.

ആദ്യ ഘട്ടത്തിൽ പ്രതിരോധത്തിലായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ശ്രദ്ധ. പതിയെ ആക്രമണത്തിലേക്ക് നീങ്ങി. രാഹുലിന്റെ തകർപ്പൻ നീക്കം സദൂയിയെ ലക്ഷ്യം വച്ചെങ്കിലും നിഖിൽ പ്രഭു തടഞ്ഞു. ഇതിനിടെ ബോക്സിന്റെ വലതുഭാഗത്തു പഞ്ചാബിനു ഫ്രീകിക്ക് കിട്ടി. വിദാലിന്റെ ബോക്സിലേക്കുള്ള ഷോട്ട് കൊയെഫ് തടഞ്ഞു.

അടുത്ത നിമിഷം അയ്മനെ പഞ്ചാബ് പ്രതിരോധം ബോക്സിനു മുന്നിൽ വച്ച് പിടിച്ചു കെട്ടി. ബ്ലാസ്റ്റേഴ്സ് ആക്രമണം കടുപ്പിച്ചു. ഇടത് വശത്തു സദൂയ് തൊടുത്ത ഒന്നാന്തരം ക്രോസ് രാഹുലിന് പിടിച്ചെടുക്കാനായില്ല. മറുവശത്തു പഞ്ചാബിനു കിട്ടിയ കോർണറിൽ മിർസിയാക് തല വച്ചെങ്കിലും ബാറിനു മുകളിലൂടെ പറന്നു. പിന്നാലെ ബ്ലാസ്റ്റേഴ്സ് പ്രത്യാക്രമണം.

പക്ഷെ പഞ്ചാബ് പ്രതിരോധം രാഹുലിനെ വിട്ടില്ല.മുപ്പത്തേഴാം മിനിറ്റിൽ ബ്ലാസ്റ്റേഴ്സിനു സുവർണാവസരം കിട്ടി. സദൂയ് തൊടുത്ത കോർണർ കൃത്യം ഗോൾമുഖത്തു. പക്ഷേ അയ്മന് തല വയ്ക്കാനായില്ല. ഇതിനിടെ ബക്കെങ്ങ ബ്ലാസ്റ്റേഴ്സ് വലയിൽ പന്തെത്തിച്ചെങ്കിലും ഓഫ് സൈഡായി.

ഇടവേളയ്ക്ക് ശേഷം ബ്ലാസ്റ്റേഴ്സ് രണ്ട് മാറ്റങ്ങൾ വരുത്തി. മുന്നേറ്റത്തിൽ പെപ്രയ്ക്ക് പകരം ജീസസ് ജിമിനെസ് ഇറങ്ങി. മധ്യനിരയിൽ അയ്മന് പകരം വിബിൻ മോഹനനും എത്തി. ബ്ലാസ്റ്റേഴ്സ് ആക്രമണം തുടർന്നു. എന്നാൽ പഞ്ചാബ് പ്രതിരോധം ഉറച്ചു നിന്നതോടെ ഗോൾ അകന്നു. 58 ാം മിനിറ്റിൽ സദൂയിയുടെ തകർപ്പൻ ഷോട്ട് പഞ്ചാബ് ഗോൾ കീപ്പർ രവികുമാർ ഇടത്തേക്ക് പറന്ന് തട്ടിയകറ്റി.

70 ാം മിനിറ്റിൽ രാഹുലിന്റെ ഒന്നാന്തരം ലോങ് ക്രോസ് ബോക്സിലേക്ക് പറന്നെങ്കിലും ജിമിനെസിനും സദൂയിക്കും പന്ത് എടുക്കാനായില്ല. രണ്ട് മാറ്റങ്ങൾ കൂടി ബ്ലാസ്റ്റേഴ്സ് വരുത്തി.

ഫ്രഡിക്ക് പകരം മുഹമ്മദ് അസ്ഹറും സന്ദീപിന് പകരം ഐബൻ ദോഹ്ലിങ്ങും ഇറങ്ങി.

83ആം മിനിറ്റിൽ ബ്ലാസ്റ്റേഴ്സ് പെനൽറ്റി വഴങ്ങി. ലിയോൺ അഗസ്റ്റിനെ സഹീഫ് ബോക്സിൽ വീഴ്ത്തിയതിനായിരുന്നു പെനൽറ്റി. ലുക്കാ മൈസെൻ കിക്ക് എടുത്തു. ഗോൾ കീപ്പർ സച്ചിൻ സുരേഷിന് തടയാനായില്ല. സ്കോർ 1–0.

തിരിച്ചടിക്കാൻ ബ്ലാസ്റ്റേഴ്സ് ആഞ്ഞു ശ്രമിച്ചെങ്കിലും ലക്ഷ്യം കാണാനായില്ല. പിന്നാലെ സഹീഫിനെ പിൻവലിച്ച് കോച്ച് മിഖായേൽ സ്റ്റാറെ യോഹെൻബ മീതെയിയെ ഇറക്കി. പരിക്ക് സമയത്തായിരുന്നു ജിമിനിസിന്റെ തകർപ്പൻ ഹെഡർ.

92ാം മിനിറ്റിൽ പ്രീതം കോട്ടൽ തൊടുത്ത ക്രോസ് സ്വീകരിക്കാൻ ഉയർന്നു ചാടി ജിമിനസ് മനോഹരമായ ഹെഡറിലൂടെ പഞ്ചാബിന്റെ വല ചലിപ്പിച്ചതോടെ സ്റ്റേഡിയം ആവേശത്തിൽ കുതിച്ചു ചാടി.എന്നാൽ ബ്ലാസ്റ്റേഴ്സിന്റെ സന്തോഷം അധിക നേരം നീണ്ടില്ല. 95ാം മിനിറ്റിൽ ആരാധാകരുടെ നെഞ്ചിൽ ഇടിത്തീയായി പഞ്ചാബ് വീണ്ടും ലീഡ് നേടി. മാജ്സന്റെ പാസ് മിർസ്ലക് പിടിച്ചെടുത്ത് ബോക്സിലേക്ക് തൊടുത്തു.

സച്ചിൻ ശ്രമിച്ചെങ്കിലും തടയാനായില്ല.സ്കോർ 2–1. രണ്ടാം ഗോളും വീണതോടെ ബ്ലാസ്റ്റേഴ്സി തിരിച്ചടിക്കാൻ വീണ്ടും ശ്രമം നടത്തി.തൊട്ടടുത്ത നിമിഷം ബ്ലാസ്റ്റേഴ്സിന്റെ മിലോസ് ഡ്രിൻസിച്ചിന്റെ ഹെഡർ പഞ്ചാബ് ഗോളി രവികുമാർ പിടിച്ചെടുത്തതിനു പിന്നാലെ അവസാന വിസിലും മുഴങ്ങി. ഈ മാസം 22 ന് കൊച്ചിയിൽ ഈസ്റ്റ് ബംഗാളുമായിട്ടാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മൽസരം.

## വേൾഡ് സ്കിൽ മത്സരാർഥികളുമായി കൂടിക്കാഴ്ച നടത്തി കേന്ദ്രസഹമന്ത്രി ജയന്ത് ചൗധരി

**കൊച്ചി:** ഫ്രാൻസിലെ ലിയോണിൽ നടക്കുന്ന വേൾഡ് സ്കിൽ 2024ലെ ഇന്ത്യൻ പ്രതിനിധി സംഘത്തെ നേരിട്ടെത്തി സന്ദർശിച്ച് കേന്ദ്ര നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിൻറെ (എംഎസ്ഡിഇ) സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രി ജയന്ത് ചൗധരി. സ്കിൽ മേളയിൽ പങ്കെടുക്കുന്ന ഏറ്റവും വലിയ നാലാമത്തെ ടീമാണ് ഇന്ത്യയുടേത്. രണ്ട് ദിവസങ്ങളിലായി റോബോട്ടിക്സ്, വെബ് ഡെവലപ്മെൻറ്, ജോയിൻററി, ഹോസ്പിറ്റാലിറ്റി, 3ഡി ഡിജിറ്റൽ ഗെയിം ആർട്ട്, അഡിറ്റീവ് മാനുഫാക്ചറിങ്, ഓട്ടോബോഡി റിപ്പയർ, കെമിക്കൽ ലാബ് ടെക്നോളജി, ക്ലൗഡ് കമ്പ്യൂട്ടിങ്, സൈബർ സെക്യൂരിറ്റി, ഡിജിറ്റൽ കൺസ്ട്രക്ഷൻ, കളിനറി ആർട്സ് തുടങ്ങി 52 സ്കിൽ വിഭാഗങ്ങളിലായി മത്സരിക്കുന്ന 60 മത്സരാർഥികളെയാണ് ജയന്ത് ചൗധരി നേരിൽ കണ്ട് സംവദിച്ചത്.ഓരോ മത്സരാർഥികളുമായും വ്യക്തിപരമായി കൂടിക്കാഴ്ച നടത്താനും മന്ത്രി സമയം കണ്ടെത്തി. എംഎസ്ഡിഇ സെക്രട്ടറി അതുൽ കുമാർ തിവാരിയും മന്ത്രിക്കൊപ്പമുണ്ടായിരുന്നു. മന്ത്രിയുടെ നേരിട്ടുള്ള സന്ദർശനം മത്സരാർഥികൾക്ക് വലിയ ഉത്തേജനം പകർന്നു.ആഗോള നൈപുണ്യ വികസന ശ്രമങ്ങൾ വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ മറ്റു അംഗരാജ്യങ്ങളിലെ മന്ത്രിമാരുമായും പ്രതിനിധികളുമായും കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി ചർച്ച നടത്തി. സിംബാബ്വെയിലെ സ്കിൽ ഓഡിറ്റ് ആൻഡ് ഡവലപ്മെൻറ് മന്ത്രി പ്രൊഫസർ പോൾ മാവിമ (എംപി), യുനെസ്കോയിലെ കെനിയയുടെ സ്ഥിരം പ്രതിനിധിയായ പ്രൊഫ. പീറ്റർ എൻഗുരെ, വേൾഡ് സ്കിൽസ് ഇൻറർനാഷണൽ ബോർഡിൻറെ പ്രസിഡൻറും ചെയർമാനുമായ ക്രിസ് ഹംഫ്രീസ്, വേൾഡ് സ്കിൽസ് ഏഷ്യയുടെ സിഇഒ ഫഹർ അലി, കോംപറ്റീഷൻ സ്ട്രാറ്റജിക് ഡെവലപ്മെൻറ് ബോർഡ് അംഗം സാൻക്യൂ ലിൻ എന്നിവരുമായും മന്ത്രി കൂടിക്കാഴ്ച നടത്തി.






# പടക്കുതിര

അജു വർഗീസ്,രഞ്ജി പണിക്കർ,സൂരജ് വെഞ്ഞാറമൂട്,സിജ റോസ് എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി സലോൺ സൈമൺ സംവിധാനം ചെയ്യുന്ന 'പടക്കുതിര' എന്ന ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു.ഇന്ദ്രൻസ്,നന്ദു ലാൽ, അഖിൽ കവലയൂർ,ജോമോൻ,ഷമീർ,ദിലീപ് മേനോൻ,കോട്ടയം രമേശ്, ഷഹീൻ സിദ്ദിഖ്,ഷാജു ശ്രീധർ,ബൈജു എഴുപുന്ന,ജെയിംസ് ഏലിയ,കാർത്തിക് ശങ്കർ,സ്മിനു സിജോ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.

മാബിൻസ് ഫിലിം പ്രൊഡക്ഷൻസ്,ഫീൽ ഫ്ലയിങ് എന്റർടെയ്ൻമെന്റ്സ് എന്നീ ബാനറിൽബിനി ശ്രീജിത്ത്,മഞ്ജു ഐ ശിവാനന്ദൻ,സായ് ശരവണൻ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ജിജു സണ്ണി നിർവ്വഹിക്കുന്നു.ദീപു എസ് നായർ, സന്ദീപ സദാനന്ദൻ എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.

വയലാർ ശരത്ചന്ദ്രവർമ്മ,വിനായക് ശശികുമാർ എന്നിവർ എഴുതിയ വരികൾക്ക് ധനുഷ് ഹരികുമാർ, വിമൽജിത്ത് വിജയൻ എന്നിവർ സംഗീതം പകരുന്നു.എഡിറ്റർഗ്രേസൺ എ സി എ,ലൈൻ പ്രൊഡ്യൂസർഡോക്ടർ അജിത്കുമാർ ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർറിന്നി ദിവാകർ,പ്രൊഡക്ഷൻ കൺട്രോളർ വിനോഷ് കൈമൾ,കലസുനിൽ കുമാരൻ, മേക്കപ്പ്രതീഷ് വിജയൻ, കോസ്റ്റ്യൂംസ്മെർലിൻ ലിസബത്ത്,സ്റ്റിൽസ്അജി മസ്കറ്റ്,പരസ്യകലഐഡന്റ് ഡിസൈൻ ലാബ്,

ചീഫ് അസോസിയേറ്റ് ഡയറക്ടർദീപക് നാരായണൻ,അസോസിയേറ്റ് ഡയറക്ടർജിദു സുധൻ,അസിസ്റ്റന്റ് ഡയറക്ടർ രഞ്ജിത്ത് കൃഷ്ണമോഹൻ, രാഹുൽ കെ എം, ജെബിൻ ജെയിംസ്, ലിബിൻ ബാലൻ, ജെയ്ബിൻ ബേബി, മിഥുൻ നായർ,

സോഷ്യൽ മീഡിയ മാനേജർ അരുൺ കുമാർ,ആക്ഷൻഫീനിക്സ് പ്രഭു,പ്രൊഡക്ഷൻ മാനേജർ നിധീഷ് പൂപ്പാറ,അനീഷ് ചന്ദ്രൻ, ഇന്ദ്രജിത്ത് ബാബു,പി ആർ ഒഎ എസ് ദിനേശ്.

# എക്സ്ട്രാ ഡീസന്റ്




സുരാജ് വെഞ്ഞാറമൂടിനെ നായകനാക്കി ആമിർ പള്ളിക്കൽ സംവിധാനം ചെയ്യുന്ന എക്സ്ട്രാ ഡീസന്റ് എന്ന ചിത്രത്തിന്റെ പുതിയ പോസ്റ്റർ ഉത്രാട ദിനത്തിൽ റിലീസായി. ഒരു ഹാപ്പി ഫാമിലി കുടുംബത്തിൽ മുഖ്യ കഥാപാത്രങ്ങൾ ഒരുമിക്കുന്ന പോസ്റ്റർ പ്രേക്ഷകർക്ക് ഓണാശംസകൾ നേർന്നാണ് അണിയറപ്രവർത്തകർ പുറത്തു വിട്ടത്. വിനയപ്രസാദ്, ശ്യാം മോഹൻ, ഗ്രേസ് ആന്റണി, സുധീർ കരമന,ദിൽന എന്നിവരാണ് ചിത്രത്തിൽ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ലിസ്റ്റിൻ സ്റ്റീഫന്റെ മാജിക് ഫ്രെയിംസും സുരാജ് വെഞ്ഞാറമൂടിന്റെ വിലാസിനി സിനിമാസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.റാഫി, പ്രശാന്ത് അലക്സാണ്ടർ, ഷാജു ശ്രീധർ, സജിൻ ചെറുകയിൽ, വിനീത് തട്ടിൽ തുടങ്ങിയവരും ചിത്രത്തിൽ അണിനിരക്കുന്നു.ആഷിഫ് കക്കോടിയാണ് ചിത്രത്തിന് തിരക്കഥയെഴുതിയിരിക്കുന്നത്.അങ്കിത് മേനോൻ സംഗീത സംവിധാനം നിർവഹിക്കുന്ന ചിത്രത്തിൽ വിനായക് ശശികുമാറും സുഹൈൽ എം കോയയുമാണ് വരികളെഴുതുന്നത്. ഇ.ഡി യുടെ കോ പ്രൊഡ്യൂസർ : ജസ്റ്റിൻ സ്റ്റീഫൻ, ലൈൻ പ്രൊഡ്യൂസർ : സന്തോഷ് കൃഷ്ണൻ, ഡി.ഓ.പി: ഷാരോൺ ശ്രീനിവാസ്, മ്യൂസിക്: അങ്കിത് മേനോൻ, എഡിറ്റർ: ശ്രീജിത്ത് സാരംഗ്, ആർട്ട് : അരവിന്ദ് വിശ്വനാഥൻ, എക്സികുട്ടിവ് പ്രൊഡ്യൂസർ : നവീൻ പി തോമസ്, ഉണ്ണി രവി, വസ്ത്രാലങ്കാരം : സമീറ സനീഷ്, മേക്കപ്പ് : റോണക്സ് സേവിയർ, ചീഫ് അസ്സോസിയേറ്റ് : സുഹൈൽ.എം, ലിറിക്സ്: വിനായക് ശശികുമാർ, സുഹൈൽ കോയ, മുത്തു , പ്രൊഡക്ഷൻ കൺട്രോളർ : ഗിരീഷ് കൊടുങ്ങല്ലൂർ,സൗണ്ട് ഡിസൈൻ : വിക്കി, ഫൈനൽ മിക്സ് : എം. രാജകൃഷ്ണൻ, അഡ്മിനിസ്ട്രേഷൻ&ഡിസ്ട്രിബ്യൂഷൻ ഹെഡ് : ബബിൻ ബാബു, പ്രൊഡക്ഷൻ ഇൻ ചാർജ് : അഖിൽ യെശോധരൻ,കാസ്റ്റിംഗ് ഡയറക്ടർ: നവാസ് ഒമർ, സ്റ്റിൽസ്: സെറീൻ ബാബു, ടൈറ്റിൽ & പോസ്റ്റേർസ് : യെല്ലോ ടൂത്ത്സ്, മാർക്കറ്റിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ : മാജിക് ഫ്രെയിംസ് റിലീസ്, പി ആർ ഓ : പ്രതീഷ് ശേഖർ.




# കഥ ഇന്നുവരെ

മേപ്പടിയാൻ എന്ന ചിത്രത്തിന് ശേഷം ബിജു മേനോനെ നായകനാക്കി വിഷ്ണു മോഹൻ സംവിധാനം ചെയ്യുന്ന കഥ ഇന്നുവരെ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി.അജീഷ് ദാസ് എഴുതിയ വരികൾക്ക് അശ്വിൻ ആര്യൻ സംഗീതം പകർന്ന് കപിൽ കപിലൻ,നിത്യ മാമൻ എന്നിവർ ആലപിച്ച മിന്നും താരങ്ങൾ എന്നാരംഭിക്കുന്ന ഗാനമാണ് റിലീസായത്.സെപ്റ്റംബർ 20ന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ നർത്തകിയായ മേതിൽ ദേവികയാണ് നായികയായിട്ട് എത്തുന്നത്. ആദ്യമായിട്ടാണ് മേതിൽ ദേവിക ഒരു സിനിമയിൽ അഭിനയിക്കുന്നത്.നിഖില വിമൽ, ഹക്കീം ഷാജഹാൻ, അനുശ്രീ, അനു മോഹൻ, സിദ്ധിഖ്, രഞ്ജി പണിക്കർ, കോട്ടയം രമേശ്, കൃഷ്ണപ്രസാദ്, അപ്പുണ്ണി ശശി, കിഷോർ സത്യ, ജോർഡി പൂഞ്ഞാർ തുടങ്ങിയവരും അഭിനയിക്കുന്നു. വിഷ്ണു മോഹൻ സ്റ്റോറീസിന്റെ ബാനറിൽ വിഷ്ണു മോഹനും, ജോമോൻ ടി ജോൺ, ഷമീർ മുഹമ്മദ്, ഹാരിസ് ദേശം, അനീഷ് പിബി, കൃഷ്ണമൂർത്തി എന്നിവർ ചേർന്നാണ് 'കഥ ഇന്നുവരെ' നിർമിക്കുന്നത്.ഛായാഗ്രഹണം ജോമോൻ ടി ജോൺ, എഡിറ്റിങ്ഷമീർ മുഹമ്മദ്,സംഗീതം അശ്വിൻ ആര്യൻ, പ്രൊഡക്ഷൻ കൺട്രോളർറിന്നി ദിവാകർ, പ്രൊഡക്ഷൻ ഡിസൈനർസുഭാഷ് കരുൺ,കോസ്റ്റ്യൂംസ് ഇർഷാദ് ചെറുകുന്ന്, മേക്കപ്പ്സുധി സുരേന്ദ്രൻ,പ്രോജക്ട് ഡിസൈനർവിപിൻ കുമാർ, വി എഫ്എക്സ് കോക്കനട്ട് ബഞ്ച്, സൗണ്ട് ഡിസൈൻ ടോണി ബാബു,സ്റ്റിൽസ് അമൽ ജെയിംസ്, ഡിസൈൻസ് ഇല്ല്യൂമിനാർട്ടിസ്റ്, പ്രൊമോഷൻസ് 10ജി മീഡിയ, കേരളത്തിൽ ഐക്കൺ സിനിമാസ്, ഗൾഫിൽ ഫാർസ് ഫിലിംസ് എന്നിവരാണ് ഡിസ്ട്രിബ്യൂഷൻ നിർവഹിക്കുന്നത്.പി ആർ ഒഎ എസ് ദിനേശ്.

# ദളപതി 69 : സംവിധാനം എച്ച്.വിനോദ്

ദളപതി വിജയ് അഭിനയിക്കുന്ന 69 മത് ചിത്രത്തിന്റെ ഒഫീഷ്യൽ പ്രഖ്യാപനം കെ.വി.എൻ പ്രൊഡക്ഷൻ പ്രഖ്യാപിച്ചു. ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങൾ സമ്മാനിച്ച വിജയ് എന്ന താരവും സൂപ്പർ ഹിറ്റുകൾ സമ്മാനിച്ച സംവിധായകൻ എച്ച്. വിനോദും സൗത്ത് ഇന്ത്യൻ സംഗീത സംവിധാനത്തിലെ മാന്ത്രികൻ അനിരുദ്ധ് രവിചന്ദറും ഒന്നിക്കുക്കുന്നു. വെങ്കട്ട് കെ നാരായണ ആണ് കെ വി എൻ പ്രൊഡക്ഷന്റെ പേരിൽ ചിത്രം നിർമ്മിക്കുന്നത്. ജഗദീഷ് പളനിസ്വാമിയും ലോഹിത് എൻ കെയുമായി ചേർന്നാണ് ദളപതി 69ന്റെ നിർമ്മാണം. ഈ വർഷം ഒക്ടോബറിൽ ചിത്രീകരണം ആരംഭിക്കുന്ന ചിത്രം 2025 ഒക്ടോബറിൽ തിയേറ്ററിലേക്കെത്തും. ആരാധകർക്ക് ആവേശം നൽകുന്ന പ്രഖ്യാപനങ്ങൾ ഉടൻ ഉണ്ടാകുമെന്നും മറ്റു താരങ്ങളെക്കുറിച്ചും അണിയറപ്രവർത്തകരെക്കുറിച്ചുമുള്ള വിവരങ്ങൾ പങ്കുവയ്ക്കുമെന്നും കെ വി എൻ പ്രൊഡക്ഷൻസ് അറിയിച്ചു. ബ്ലോക്ക് ബസ്റ്റർ ദളപതി വിജയ് ചിത്രം ലിയോക്ക് ശേഷം പ്രതീഷ് ശേഖറാണ് ചിത്രത്തിന്റെ കേരള പി ആർ ഓ ആൻഡ് മാർക്കറ്റിംഗ് കൺസൾട്ടന്റ് ആയി പ്രവർത്തിക്കുന്നത്.



# ശോഭ ഫിലിംഫെയർ അവാർഡ്സ് സൗത്ത് താരനിശ

കൊച്ചി: കമാർ ഫിലിം ഫാക്ടറിയുമായി ചേർന്ന് സംഘടിപ്പിച്ച 69ാമത് ശോഭ ഫിലിംഫെയർ അവാർഡ് സൌത്ത് 2024 അവാർഡ്സിൽ സൗത്ത് താരനിശ മലയാളത്തിൽ ഏഷ്യാനെറ്റ് മൂവീസും തമിഴിൽ വിജയ് സൂപ്പറും കന്നഡയിൽ സ്റ്റാർ സുവർണ്ണ പ്ലസും തെലുങ്കിൽ സ്റ്റാർ മാ മൂവീസും സംപ്രേഷണം ചെയ്തു. സംപ്രേഷണത്തിന്റെ ഭാഗമായി കന്നഡസിനിമാതാരം പ്രണയ രാജ എന്ന റിയപ്പെടുന്ന ശ്രീനാഥിന് തെന്നിന്ത്യൻ സിനിമയിലെ സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് നൽകി ആദരിച്ചു. ഈ വർഷത്തെ അവാർഡുകളിൽ മികച്ച മലയാള ചിത്രമായി 2018ഉം സംവിധായകനായി 2018ന്റെ സംവിധായകൻ ജൂഡ് ആന്റണി ജോസഫുമാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നത്. നൻപകൽ നേരത്ത് മയക്കം എന്ന ചിത്രത്തിലെ അഭിനയത്തിന് മമ്മൂട്ടി മികച്ച നടനായപ്പോൾ രേഖയിലെ നായികാവേഷത്തിന് വിൻസി അലോഷ്യസ് മികച്ച നടിയായി. ഹൈദരാബാദിലെ ജെആർസി കൺവെൻഷൻ ജൂബിലി ഹിൽസിൽ നടന്ന അവാർഡ്നിശയാണ് പ്രമുഖ ചാനലുകൾ സംപ്രേഷണം ചെയ്തത്.



# വയോജന ക്ലബ്ബിന്റെ ഉദ്ഘാടനവും ഓണാഘോഷവും നടത്തി

**ആലുവ:** ആലുവ നഗരസഭ 14ാം വാർഡിലെ വയോജന ക്ലബ്ബിന്റെ ഉദ്ഘാടനവും ഓണാഘോഷ പരിപാടികളും നഗര സഭ ചെയർമാൻ എം ഒ ജോൺ നിർവഹിച്ചു.വൈസ് ചെയർപേഴ്സൺ സൈജി ജോളി,നഗര സഭ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഫാസിൽ ഹുസൈൻ അധ്യക്ഷത വഹിച്ചു,ലത്തീഫ് പൂഴിത്തറ,എം എൻ ചന്ദ്രശേഖരൻ, കെ ഒ മാർക്കോസ്, തങ്കമ്മ,തോമസ് പേ ാൾ,വായോ മിത്രം ജില്ലാ കോർഡിനേറ്റർ ദിവ്യ,സുബൈർ പൊയ്കയിൽ എന്നിവർ പങ്കെടുത്തു.



# മെഡിക്കൽ ക്യാമ്പും ഹോമിയോ മരുന്നുകളുടെ വിതരണവും

**പഴങ്ങനാട്:** കേരള സർക്കാർ ആയുഷ് വകുപ്പ് നാഷണൽ അയുഷ് മെഷിൻ കേരള മെഡിക്കൽ ക്യാമ്പും ഹോമിയോ മരുന്നുകളുടെ വിതരണവും നടത്തി. പഴങ്ങനാട് സെന്റ് അഗസ്റ്റിൻ പാരീഷ് ഹാളിൽ നടന്ന യോഗത്തിൽ കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മിനി രതീഷ് ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ ഫാ.പോൾ ചെപ്രൻമ്പാടൻ, 15ാം വാർഡ് മെമ്പർ ഷീബ ടീച്ചർ പഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ വിഭാഗം സ്റ്റാൻന്റിങ് കമ്മറ്റി ചെയർപേഴ്സൺ ജെ നീസ് കാച്ചപ്പിള്ളി തുടങ്ങിയവർ സംസാരിച്ചു.

# ലാബ് കെമിസ്റ്റ് (റബ്ബർ) സർട്ടിഫിക്കറ്റ് കോഴ്സ്

**മലപ്പുറം:** കേരള സർക്കാർ വ്യവസായ വാണിജ്യ വകുപ്പിന്റെ സ്ഥാപനമായ മഞ്ചേരി, കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ വെച്ച് 2024 സെപ്തംബർ 23 ന് ആരംഭിക്കുന്ന ഒരു മാസം ദൈർഘ്യമുള്ള ദേശീയ അംഗീകാരത്തോടു കൂടിയ ലാബ് കെമിസ്റ്റ് (റബ്ബർ) സർട്ടിഫിക്കറ്റ് കോഴ്സിലേയ്ക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കെമിസ്ട്രി മെയിൻ / സബ്സിഡിയറി വിഷയത്തിൽ ബിരുദം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സ്ഥാപനത്തിൽ നേരിട്ടോ, 9846141688, 04832768507 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

# ഇത് സപ്ലൈകോയുടെ തിരിച്ചുവരവ്: മന്ത്രി ജി ആർ അനിൽ

**കൊച്ചി:** സപ്ലൈക്കോ നിലനിൽക്കേണ്ടത് നാടിന്റെ ആവശ്യമാണെന്ന് പഠിപ്പിച്ച ഓണക്കാലമാണ് ഇതെന്ന് ഭക്ഷ്യവകുപ്പ് മന്ത്രി ജി ആർ അനിൽ. ഫലപ്രദമായ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചു നിർത്താൻ സപ്ലൈകോയ്ക്ക് സാധിച്ചു. സപ്ലൈകോയുടെ തിരിച്ചുവരവിനാണ് നാം സാക്ഷ്യം വഹിച്ചത്. ഈ ഓണക്കാലത്തു സാധാരണക്കാർക്ക് ആശ്വാസകരമായ നടപടികൾ സ്വീകരിക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു. സർക്കാരിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ ഇരുകൈയും നീട്ടി സ്വീകരിച്ചു. അതിന്റെ തെളിവാണ് സപ്ലൈക്കോ സ്റ്റോറുകളിലെയും, ഓണം ഫെയറുകളിലെയും ജനത്തിരക്ക്. ഉത്രാടദിനത്തിന് മുൻപുള്ള ദിവസങ്ങളിൽ 16 കോടി രൂപയുടെ വില്പനയാണ് ജില്ലാ ഫെയറുകളിലും സപ്ലൈകോ ഔട്ട്ലെറ്റുകളിലും നടന്നത്. 24 ലക്ഷത്തിലധികം പേർ സപ്ലൈക്കോയിൽ നിന്ന് സാധനങ്ങൾ വാങ്ങി. ഒട്ടേറെ പ്രതിസന്ധികൾക്കിടയിലും ഗുണനിലവാരം ഉറപ്പാക്കി ന്യായമായ വിലയിൽ ഭക്ഷ്യവസ്തുക്കൾ ജനങ്ങൾക്ക് എത്തിക്കാൻ സപ്ലൈകോയ്ക്ക് സാധിച്ചു. ഈ ഓണക്കാലത്ത് 52 ലക്ഷം കുടുംബങ്ങൾക്ക് ഏറ്റവും നല്ല അരിയിനമായ ചമ്പാവരി 10 കിലോ അധികം നൽകി.

50 രൂപയിലധികം വില വരുന്ന ചമ്പാവരി 10 രൂപ നിരക്കിൽ നൽകാൻ കഴിഞ്ഞത് ഭക്ഷ്യവകുപ്പിന് അഭിമാനകരമായ നേട്ടമായി. അർഹരായ 92% റേഷൻ കാർഡ് ഉടമകളും സൗജന്യ ഭക്ഷ്യ കിറ്റ് വാങ്ങിയെന്നും മന്ത്രി അറിയിച്ചു. തിരുവനന്തപുരം പുത്തരികണ്ടം മൈതാനത്തിലെ സപ്ലൈക്കോ ഓണം ഫെയർ സന്ദർശിക്കാൻ എത്തിയതായിരുന്നു മന്ത്രി.



# കെ. ജെ പീറ്ററിനെ ആദരിച്ചു

**കിഴക്കമ്പലം:** കിഴക്കമ്പലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 ൽ നടന്ന ഓണോത്സവത്തിൽ മികച്ച കർഷകനായി തെരഞ്ഞെടുത്ത കണിയോടിക്കൽ കെ ജെ പീറ്ററിനെ കിഴക്കമ്പലം ട്വന്റി 20 പാർട്ടി ഉപാധ്യക്ഷൻ വി ഗോപകുമാർ മൊമന്റോ നൽകി ആദരിച്ചു. വാർഡ് മെമ്പർ ഷീബ ടീച്ചർ വാർഡ് പ്രസിഡന്റ് ജിജോ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

# ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ

**മലപ്പുറം:** കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി സംഘടിപ്പിക്കുന്ന 'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ന്യൂനപക്ഷ ക്ഷേമ, കായിക വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ നിർവഹിക്കും. സെപ്തംബർ 19 ന് കൽപ്പറ്റയിലെ പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽ നടക്കുന്ന ചടങ്ങിൽ പട്ടികജാതി പട്ടികവർഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു മുഖ്യാതിഥിയാകും. കമ്മീഷൻ ചെയർമാൻ അഡ്വ. എ.എ റഷീദ് അധ്യക്ഷത വഹിക്കും.

ജനപ്രതിനിധികളായ ടി. സിദ്ദിഖ് എം.എൽ.എ, ഐ.സി ബാലകൃഷ്ണൻ എം.എൽ.എ, എം.വി ശ്രേയാംസ്കുമാർ, കമ്മീഷൻ അംഗങ്ങളായ എ. സൈഫുദ്ദീൻ ഹാജി, പി. റോസ, നോളജ് ഇക്കോണണി മിഷൻ ഡയറക്ടർ ഡോ. പി.എസ് ശ്രീകല, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷംഷാദ് മരക്കാർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ. അദീല അബ്ദുള്ള, ജില്ലാ കളക്ടർ മേഘശ്രീ ഡി.ആർ, മറ്റ് ജനപ്രതിനിധികൾ, വിവിധ ന്യൂനപക്ഷ സംഘടനാ ഭാരവാഹികൾ തുടങ്ങിയവർ സംബന്ധിക്കും.

തുടർന്ന് കേരള നോളജ് ഇക്കോണമി മിഷൻ റീജിയണൽ പ്രോജക്ട് മാനേജർ ഡയാന തങ്കച്ചൻ പദ്ധതി അവതരണം നടത്തും. 18 നും 50 നും ഇടയിൽ പ്രായമുള്ള ന്യൂനപക്ഷ വിഭാഗത്തിലുള്ള അഭ്യസ്തവിദ്യരായവർക്കായി സർക്കാരിതര മേഖലകളിലും തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിപുലമായ തൊഴിൽ രജിസ്ട്രേഷൻ ക്യാമ്പ് നടത്തുന്നത്. പ്ലസ്ടു കഴിഞ്ഞ ന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ക്യാമ്പിലെത്തി രജിസ്ട്രേഷൻ നടത്താം. രാവിലെ 8.30 മുതൽ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കും.

തൊഴിൽ നൈപുണ്യ പരിശീലന പരിപാടിയുടെ രജിസ്ട്രേഷൻ നടപടികൾ ഒക്ടോബർ, നവംബർ മാസങ്ങളിലായി പൂർത്തീകരിക്കും.

# സംരംഭകർക്ക് ഗ്രോത്ത് പൾസ് പരിശീലനം

**കൊച്ചി:** പ്രവർത്തന കാര്യക്ഷമത നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) അഞ്ച് ദിവസത്തെ ഗ്രോത്ത് പൾസ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 24 മുതൽ 28 വരെ കളമശ്ശേരിയിലെ കീഡ് കാമ്പസിലാണ് പരിശീലനം. നിലവിൽ സംരംഭം തുടങ്ങി അഞ്ച് വർഷത്തിൽ താഴെ പ്രവൃത്തിപരിചയമുള്ള സംരംഭകർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. 3,540 രൂപയാണ് അഞ്ചുദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ് ഫീ, സെർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജി.എസ്.ടി ഉൾപ്പെടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,500 രൂപയാണ് ഫീസ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2,000 രൂപ താമസം ഉൾപ്പെടെയും 1000 രൂപ താമസം കൂടാതെയുമാണ് ഫീസ്. താത്പര്യമുള്ളവർ www.kied.infot/raining-calender/ ൽ ഓൺലൈനായി 20ന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2532890, 2550322, 9188922785.

# കേരള ബ്ലാസ്റ്റേഴ്സിന്റെ അസോസിയേറ്റ് പാർട്ണറായി പോളിക്യാബ് ഇന്ത്യ

**കൊച്ചി:** ഇലക്ട്രിക്കൽ ഉത്പന്ന നിർമാതാക്കളായ പോളിക്യാബ് ഇന്ത്യ ലിമിറ്റഡ് ഇന്ത്യൻ സൂപ്പർ ലീഗ് 11ാം സീസണിൽ കേരള ബ്ലാസ്റ്റേഴ്സ് എഫ്സിയുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു. കേരള ബ്ലാസ്റ്റേഴ്സുമായുള്ള സഹകരണത്തിൻറെ ഭാഗമായി ഐഎസ്എൽ മത്സരങ്ങൾക്കിടയിൽ പോളിക്യാബ് അതിൻറെ ബ്രാൻഡിങ് പ്രദർശിപ്പിക്കുകയും, കെബിഎഫ്സി ലോഗോ എല്ലാ ഉത്പന്ന കൊളാറ്ററലുകളിലും ഇൻഷോപ്പ്, ഔട്ട്ഡോർ ക്യാമ്പയിനുകളിലും ഉൾപ്പെടുത്തുകയും ചെയ്യും. കൂടാതെ ഐഎസ്എലുമായി ബന്ധപ്പെട്ട വിവിധ പ്രമോഷനുകൾ നടത്തി ഉപഭോക്താക്കളുടെ ഇടപെടലിനായി ആക്ടിവിറ്റി സോണുകൾ ലഭ്യമാക്കും.




# സറിയൽ ശേഖരം അവതരിപ്പിച്ച് ഗോദ്റെജ് പ്രൊഫഷണൽ

**കൊച്ചി:** പ്രൊഫഷണൽ ഹെയർ കെയർ ബ്രാൻഡ് ആയ ഗോദ്റെജ് പ്രൊഫഷണൽ ആഗോള പ്രവണതകൾക്ക് അനുസൃതമായതും ഇന്ത്യൻ രീതികൾക്ക് ഉതകുന്നതുമായ ആദ്യ ഹെയർ കളർ ശേഖരമായ സറിയൽ ശേഖരം പുറത്തിറക്കി. ഗോദ്റെജ് പ്രൊഫഷണലിൻറെ ദേശീയ ടെക്നികൽ മേധാവി ശൈലേഷ് മൂല്യയും ഗോദ്റെജ് പ്രൊഫഷണൽ ക്രിയേറ്റീവ് ഡയറക്ടർ യിയാനി തപ്ടോറിയും ചേർന്നാണ് ഈ ശേഖരം തയ്യാറാക്കിയത്. വിവാഹ, ഉൽസവ സീസണുകൾ ആരംഭിക്കുന്ന വേളയിൽ ഏത് അവസരത്തിനും ഉതകുന്ന രീതിയിലും ഏതു വസ്ത്രത്തിനും യോജിക്കുന്ന രീതിയിലും മുടി അവതരിപ്പിക്കാൻ സഹായിക്കുന്നതാണ് സറിയൽ ശേഖരമെന്ന് ഗോദ്റെജ് പ്രൊഫഷണൽ ക്രിയേറ്റീവ് ഡയറക്ടർ യിയാനി തപ്ടോറി പറഞ്ഞു.മോഫി മാർവൽ, ടാൻഗ്രിൻ ഡ്രീം, റോസ് ലെറ്റ് ബ്ലിസ്, മൂൺലൈറ്റ് മിസ്റ്റ് തുടങ്ങിയ നാലു ഷെയ്ഡുകളിൽ ഇവ അവതരിപ്പിച്ചിരിക്കുന്നതും ഇതേ ലക്ഷ്യവുമായാണ്.

ഏറ്റവും മികച്ച സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സൗന്ദര്യത്തിനു മാത്രമല്ല, ആരോഗ്യത്തിനും മുൻഗണന നൽകിയാണിത് അവതരിപ്പിച്ചിരിക്കുന്നതെന്ന് ഗോദ്റെജ് പ്രൊഫഷണൽ ദേശീയ ടെക്നികൽ മേധാവി ശൈലേഷ് മൂല്യ ചൂണ്ടിക്കാട്ടി.

# ഹരിതയാനം കൊച്ചി കപ്പൽശാല കൊച്ചി വാട്ടർ മെട്രോയ്ക്ക് കൈമാറി

**കൊച്ചി:** കൊച്ചിയുടെ ജല ഗതാഗതത്തിന് തിലകകുറി ചാർത്തിയ കൊച്ചി ജല മെട്രോയ്ക് കരുത്ത് പകർന്നു കൊണ്ട്, നിർമ്മാണം പൂർത്തിയാക്കിയ പതിനഞ്ചാമത് ജലമേട്രോ ഹരിതയാനം കൊച്ചി കപ്പൽശാല കൊച്ചി മെട്രോയ്ക്ക് കൈമാറി.

ഇന്ത്യയിലെ പ്രമുഖ കപ്പൽശാലയായ കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് (ഇടഘ) ഇന്ന് പുതിയതായി നിർമ്മിച്ച വാട്ടർ മെട്രോ ഫെറി (ഇലക്ട്രിക് ഹൈബ്രിഡ് 100 പാക്സ് വാട്ടർ മെട്രോ ഫെറി ആഥ 126) കൊച്ചി വാട്ടർ മെട്രോയ്ക്ക് ജല ഗതഗത്തിനായി കൈമാറി. കെ.എം.ആർ.എൽ, സി.എസ്.എൽ,ഡി.എൻ.വി, ഐ.ആർ.എസ് എന്നിവയിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരോടൊപ്പം കെ.എം.ആർ.എൽ, സി.എസ്.എൽ കമ്പനികളുടെ ഡയറക്ടർമാരുടെ സാന്നിധ്യത്തിൽ സി.എസ്.എൽ യാർഡിൽ കൈമാറ്റ ചടങ്ങ് നടന്നു.കൊച്ചി കപ്പൽ ശാലയിൽ നിർമ്മാണം പൂർത്തിയാക്കിയ പരിസ്ഥിതി സൗഹാർദ ഹൈബ്രിഡ് ഇലക്ട്രിക് യാനം നൂതന സൗകര്യങ്ങളോടു കൂടി നിർമ്മിച്ചതാണ്. ഉചഢ, കണ്ട എന്നിവയുൾപ്പെടെ എല്ലാ പങ്കാളികൾക്കും പ്രോജക്റ്റിലെ പിന്തുണയ്ക്കും പങ്കാളിത്തത്തിനും ഇടഘ, ഗങ്ങഞഘ ഉദ്യോഗസ്ഥർ നന്ദി അറിയിച്ചു.പാരിസ്ഥിതിക ബോധമുള്ള ഗതാഗത പരിഹാരങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട്, ജലമേട്രോ ഹരിതയാനം വിതരണം ചെയ്യുന്നതിലൂടെ, ഇടഘ ഉം ഗങ്ങഞഘ ഉം രാജ്യത്തിന്റെ നാവിക ശേഷികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത പ്രകടിപ്പിച്ചു. ഇരു സംഘടനകളും തമ്മിലുള്ള സഹകരണം ഇന്ത്യൻ കപ്പൽനിർമ്മാണ വ്യവസായത്തിലെ മികവിന്റെ തെളിവാണ്.കൊച്ചിയിലെ സുസ്ഥിരവും കാര്യക്ഷമവുമായ ജല മൊബിലിറ്റിയുടെ വളർച്ചയുടെ ഭാഗമാകാൻ കൊച്ചി കപ്പൽശാല മുൻഗണന നൽകുകയും, അതിൽ അഭിമാനം കൊള്ളുകയും ചെയ്യുന്നുകപ്പൽശാല ഉദ്യോഗസ്ഥൻ പറഞ്ഞു

# ബജാജ് 1000 വാട്ട് മിക്സർ ഗ്രൈൻഡർ അവതരിപ്പിച്ചു

**കൊച്ചി:** ദക്ഷിണേന്ത്യൻ അടുക്കളകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത 1000വാട്ട് മിക്സർ ഗ്രൈൻഡറുകളുടെ ഏറ്റവും പുതിയ ശ്രേണി ബജാജ് അവതരിപ്പിച്ചു. ദക്ഷിണേന്ത്യയിലെ ഉപയോക്താക്കളോടുള്ള പ്രതിബദ്ധത പ്രകടമാക്കുന്ന ഈ ലോഞ്ച് ബ്രാൻഡിന്റെ സുപ്രധാന ചുവടുവയ്പ്പാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. ആജീവനാന്ത വാറന്റിയുമായി വരുന്ന ബജാജ് നിഞ്ച സീരീസ്, ബജാജ് മിലിട്ടറി സീരീസ്, ബജാജ് ആർമർ സീരീസ് തുടങ്ങിയ മിക്സർ ഗ്രൈൻഡർ മോഡലുകളിൽ ശക്തമായ കരുത്ത് പ്രദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# ഡൈസൺ അംബാസഡറായി ബാഡ്ഷാ

**കൊച്ചി :** ആഗോള ടെക്നോളജി കമ്പനിയായ ഡൈസൺ പ്രശസ്ത കലാകാരനും സംഗീത ഐക്കണുമായ ബാഡ്ഷായെ ഇന്ത്യയിൽ ഡൈസൺ ഓൺട്രാക്ക് ഹെഡ്ഫോണുകളുടെ അംബാസഡറായി പ്രഖ്യാപിച്ചു. 2024 സെപ്റ്റംബർ 23ന് പുറത്തിറക്കുന്ന ഡൈസന്റെ ആദ്യ ഹൈ ഫിഡിലിറ്റി ഓഡിയോ ഒൺലി ഹെഡ്ഫോണായ ഡൈസൺ ഓൺട്രാക്ക് ലോഞ്ച് ചെയുന്നത് മുതൽ ഈ സഹകരണം ആരംഭിക്കും

# അസറ്റ് അണ്ടർ മാനേജ്മെന്റിൽ മികച്ച നേട്ടവുമായി ഐസിഐസിഐ പ്രു

**കോഴിക്കോട്:** ജൂലൈ 31ലെ കണക്കനുസരിച്ച് 3.14 ലക്ഷം കോടി രൂപയുടെ അസറ്റ് അണ്ടർ മാനേജ്മെന്റ് (എയുഎം) ഫണ്ടുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്. അസറ്റ് അണ്ടർ മാനേജ്മെന്റിൽ 3 ലക്ഷം കോടി രൂപ എന്ന നാഴികക്കല്ല് പിന്നിടുകയെന്ന സുപ്രധാന നേട്ടമാണ് കമ്പനി സ്വന്തമാക്കിയത്. ഉപഭോക്താക്കൾക്ക് ഞങ്ങളുടെ ഉൽപ്പന്നങ്ങളോടുള്ള മുൻഗണനയും, അവരുടെ ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ നേടാൻ അവരെ പ്രാപ്തരാക്കുന്നതിന് ഞങ്ങളിലുള്ള അവരുടെ വിശ്വാസത്തെയുമാണ് ഇത് സൂചിപ്പിക്കുന്നതെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് എംഡിയും സിഇഒയുമായ അനുപ് ബാഗ്ചി പറഞ്ഞു. ഉൽപ്പന്നങ്ങളും പ്രക്രിയകളും ലളിതമാക്കുന്നതിനുള്ള ഞങ്ങളുടെ സമീപനമാണ് അസറ്റ് അണ്ടർ മാനേജ്മെന്റ് വളർച്ചയെ നയിക്കുന്ന ഘടകങ്ങളിലൊന്ന്. 2024 സാമ്പത്തിക വർഷത്തിൽ ഞങ്ങളുടെ ക്ലെയിം സെറ്റിൽമെന്റ് അനുപാതമായ 99.17% എന്നതിൽ ഉപഭോക്താക്കൾക്ക് ഞങ്ങൾ നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റാനുള്ള ഞങ്ങളുടെ പ്രതിബദ്ധത പ്രതിഫലിക്കുന്നുണ്ട്. വെറും 1.27 ദിവസത്തെ സമയപരിധിയോടെ ഇത് വ്യവസായത്തിലെ ഏറ്റവും മികച്ച ഒന്നാണിത്. ലൈഫ് ഇൻഷുറൻസ് ലളിതമാക്കാനും, നൂതന ഉൽപ്പന്നങ്ങൾ വികസിപ്പിക്കാനും, മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം നൽകുന്നതിന് ശരിയായ ചാനലിലൂടെ ശരിയായ ഉൽപ്പന്നം ശരിയായ ഉപഭോക്താവിന് ശരിയായ വിലയ്ക്ക് വാഗ്ദാനം ചെയ്യാനും ഇതുവരെ നടപ്പിലാക്കിയ സാങ്കേതിക പരിഹാരങ്ങൾ ഞങ്ങളെ സഹായിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

# ഡിജിറ്റൽ പൂക്കളമത്സരവുമായി ടാറ്റാ ടീ കണ്ണൻ ദേവൻ

**ആലപ്പുഴ:** ടാറ്റാ ടീ കണ്ണൻ ദേവൻ ഉപയോക്താക്കൾക്കൊപ്പം ഓണം ആഘോഷിക്കുന്നു.

ഓണക്കാലത്ത് കണ്ണൻ ദേവൻ വാങ്ങുന്ന കേരളത്തിലുടനീളമുള്ള ഉപയോക്താക്കൾക്കും 10 ശതമാനം കൂടുതൽ ചായ ലഭിക്കുമെന്ന് ടാറ്റാ കൺസ്യൂമർ പ്രൊഡക്ട്സ്, പാക്കേജ്ഡ് ബവറിജ്സ് ഇന്ത്യാ ആൻഡ് സൗത്ത് ഏഷ്യ പ്രസിഡന്റ് പുനീത് ദാസ് പറഞ്ഞു. കൂടാതെ 'എന്റെ അത്തപ്പൂക്കളം' എന്ന പേരിലുള്ള ഡിജിറ്റൽ പൂക്കള മത്സരത്തിലും ഉപയോക്താക്കൾക്ക് പങ്കെടുക്കാം. പൂക്കളം ഡിസൈൻ ചെയ്ത് കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കൊപ്പമുള്ള വീഡിയോ തയാറാക്കി കണ്ണൻ ദേവൻ ടീ പായ്ക്കറ്റുകളിൽ നൽകിയിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്ത് അയയ്ക്കാം. പങ്കെടുക്കുന്നവർക്ക് സ്വർണ നാണയങ്ങളും കണ്ണൻ ദേവൻ ഓണം ഹാംപറുകളും ഉൾപ്പെടെയുള്ള വമ്പൻ സമ്മാനങ്ങൾ നേടാനുള്ള അവസരമുണ്ടെന്ന് പുനീത് ദാസ് പറഞ്ഞു. സെപ്റ്റംബർ 30 വരെ ഡിജിറ്റൽ പൂക്കള മത്സരത്തിൽ പങ്കെടുക്കാം.

# താപ്സി പന്നു വാൻ ഹ്യൂസെൻ വനിതാ ഫാഷന്റെ ബ്രാൻഡ് അംബാസഡർ




**മുംബൈ:** ആദിത്യ ബിർള ഫാഷൻ ആൻഡ് റീട്ടെയിൽ ലിമിറ്റഡിൽ (എബിഎഫ്ആർഎൽ) നിന്നുള്ള പ്രമുഖ പവർ ഡ്രസ്സിംഗ് ബ്രാൻഡായ വാൻ ഹ്യൂസെൻ, ബോളിവുഡ് നടി താപ്സി പന്നുവിനെ തങ്ങളുടെ വനിതാ ഫാഷന്റെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു.

ആധുനിക ഇന്ത്യയിൽ സ്വാധീനം ചെലുത്തുന്ന മാറ്റങ്ങൾ കൊണ്ടുവരുന്നവർക്കുള്ള ബ്രാൻഡാണ് വാൻ ഹ്യൂസെൻ. മികച്ച ഫാഷനും പ്രവർത്തന ക്ഷമതയും ഉപഭോക്താക്കൾക്ക് നൽകാൻ ബ്രാൻഡ് നിരന്തരം ശ്രമിക്കുന്നു.

വാൻ ഹ്യൂസെന്റെ ഉൽപ്പന്ന പോർട്ട്ഫോളിയോ ആധുനിക സ്ത്രീയുടെ ചലനാത്മക ജീവിതശൈലിയിൽ ഒരു ഉത്തേജകമായി രൂപകൽപ്പന ചെയ്തിരിക്കുന്നു. ഫോർമൽസ്, കാഷ്വൽസ്, യാത്രകൾ, സായാഹ്നങ്ങൾ എന്നിങ്ങനെ ഓരോ അവസരങ്ങൾക്കും യോജിച്ച ഫാഷൻ തിരഞ്ഞെടുപ്പുകളും ഉൽപ്പന്നങ്ങളും ബ്രാൻഡ് വാഗ്ദാനം ചെയ്യുന്നു, അങ്ങനെ എല്ലാ റോളിലും സ്വാധീനം ചെലുത്താൻ സ്ത്രീകളെ പ്രാപ്തരാക്കുന്നു.

ഈ സഹകരണത്തിലൂടെ വാൻ ഹ്യൂസെന്റെ ബഹുമുഖ വ്യക്തിത്വം താപ്സിയുടെ ബഹുമുഖ വ്യക്തിത്വത്താൽ പൂർത്തീകരിക്കപ്പെടുന്നു, താപ്സി അവരുടെ കരിയറിൽ വളരെ വൈവിധ്യമാർന്ന വേഷങ്ങൾ ചെയ്തിട്ടുണ്ട്, കാരണം അവർ വ്യത്യസ്ത കാര്യങ്ങളിൽ മികവ് പുലർത്താൻ ആഗ്രഹിക്കുന്നു.

വാൻ ഹ്യൂസെന്റെ 'ലീഡ് എവരി റോൾ' കാമ്പെയ്ൻ വാൻ ഹ്യൂസെന്റെ ബഹുമുഖ ആധുനിക ഫാഷന്റെയും തപ്സിയുടെ സ്വാധീനമുള്ള വ്യക്തിത്വത്തിന്റെയും മികച്ച പ്രദർശനമാണ്. പ്രമുഖ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലുടനീളം കാമ്പെയ്ൻ അവതരിപ്പിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# സിയാലിൽ ഐ.സി.എ.ഒയുടെ 80ാം വാർഷികാഘോഷങ്ങൾ

**കൊച്ചി:** ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷന്റെ (ഐ.സി.എ.ഒ) 80ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) പരിസ്ഥിതി സംരക്ഷണത്തിന്റെ സന്ദേശവുമായി 500 വൃക്ഷത്തൈകൾ നട്ടു പിടിപ്പിച്ചു. സിയാൽ ഗോൾഫ് കോഴ്സിൽ നടന്ന വൃക്ഷത്തൈ നടുന്ന ചടങ്ങ് സി. ഐ. എസ്. ഫ് സീനിയർ കമാൻഡന്റ് നാഗേന്ദ്ര ദേവ്രാരി ഉദ്ഘാടനം ചെയ്തു.

എയർപോർട്ട് ഡയറക്ടർ മനു ജി., എക്സിക്യൂട്ടീവ് ഡയറക്ടർ ആന്റ് കമ്പനി സെക്രട്ടറി സജി കെ. ജോർജ്, സിയാൽ ഉദ്യോഗസ്ഥർ, പരിസ്ഥിതി പപ്രവർത്തകർ മറ്റ് അനുബന്ധ ഏജൻസി ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.

# നൈറ്റ് സ്ട്രീറ്റ് റെയിസുമായി മൊബിൽ

കൊച്ചി: ഓട്ടോ മോട്ടീവ് ലൂബ്രിക്കന്റുകളിൽ മുൻനിരക്കാരായ മൊബിൽ ടിഎം രാജ്യത്തെ ആദ്യ നൈറ്റ് സ്ട്രീറ്റ് റെയിസിനായി റെയിസിംഗ് പ്രമോഷൻസ് പ്രൈവറ്റ് ലിമിറ്റഡുമായി കൈകോർത്തു. ആഗസ്ത് 31നും സെപ്തംബർ ഒന്നിനുമായി ചെന്നൈയിൽ നടന്ന ഇന്ത്യൻ റെയ്സിംഗ് ഫെസ്റ്റിവലിലാണ് രാജ്യത്തെ ആദ്യ നൈറ്റ് സ്ട്രീറ്റ് റെയ്സ് സംഘടിപ്പിക്കപ്പെട്ടത്. ചെന്നൈ ഫോർമുല റെയ്സിംഗ് സർക്യൂട്ടിലായിരുന്നു റെയ്സ്. സ്പീഡ്. സ്കിൽ, ടെക്നോളജി, പെർഫോർമൻസ് എന്നിവ സംഗമിക്കുന്ന അതിമനോഹര വേദിയായ ഇന്ത്യൻ റേസിംഗ് ഫെസ്റ്റിവലുമായി ഇത് മൊബിലിന്റെ മൂന്നാമത്തെ പങ്കാളിത്ത വർഷമാണ്. ഇന്ത്യ റേസിംഗ് വീക്കിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്ന് എക്സോൺ മൊബിൽ ലൂബ്രിക്കന്റ്സ് പ്രൈ. ലി. സിഇഒ വിപിൻ റാണ പറഞ്ഞു. കഴിഞ്ഞ 3 വർഷത്തിൽ റെയ്സർമാർക്ക് ആത്മവിശ്വാസവും കരുത്തും പകരുവാൻ മൊബിലിന് സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# വെന്റീവ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പൂനെ ആസ്ഥാനമായുള്ള റിയൽ എസ്റ്റേറ്റ് കമ്പനിയായ പഞ്ച്ഷിൽ റീൽറ്റിയുടെ ഹോസ്പിറ്റാലിറ്റി ഡിവിഷനായി സ്ഥാപിതമായ, മുമ്പ് ഐസിസി റീൽറ്റി (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന് അറിയപ്പെട്ടിരുന്ന വെൻറീവ് ഹോസ്പിറ്റാലിറ്റി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.ഓഹരി ഒന്നിന് ഒരു രൂപ മുഖവിലയുള്ള 2000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽകമ്പനി ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# ആശ്ചര്യം നിറച്ച് റാംബോ സർക്കസ്

**കൊച്ചി:** കാഴ്ചക്കാരിൽ അത്ഭുതവും ആശ്ചര്യവും നിറച്ച് കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ സ്കൈ വാക്കും ഏരിയൽ റോപ്പും അവതരിപ്പിച്ച് റാംബോ സർക്കസ്. ഓണത്തിന്റെ ആഹ്ലാദം റാംബോയിൽ ജനത്തിരക്ക് സൃഷ്ടിച്ചപ്പോൾ കാഴ്ചക്കാർക്കായി പ്രദർശന നഗരയിൽ ഒരുക്കിയിരിക്കുന്നത് എൽഇഡി ആക്ടും ലേസർ മാനും റിംഗ് ഹെഡ് ബാലൻസും ബബിൾ ഷോയും. കോമാളികളുടെ തമാശയും സർക്കസ് പ്രകടനങ്ങളും ഗോകുലത്തിൽ ചിരിയുടെ കടൽത്തിര ഉയർത്തുന്ന അതേ വേഗത്തിലാണ് സ്കേറ്റിംഗും ഹ്യൂമൻ സ്ലിങ്കിയും വാൾ ആക്ടറ്റും ബൗൺസ് ബോളും സൈക്ലിംഗ് ഡ്യുവോയും റോള ബോളും കിക്ക് ചേഞ്ചും വേദിയെ കയ്യിലെടുക്കുന്നത്.എറണാകുളത്തെ കാഴ്ചക്കാരെ അത്ഭുതപ്പെടുത്താനാണ് റാംബോ സർക്കസ് രണ്ടാം വരവിൽ ശ്രമിക്കുന്നത്. കുട്ടികൾക്ക് കോമാളികളേയും സാഹസിക പ്രകടനങ്ങളും ഏറെ ഇഷ്ടമാകുമ്പോൾ മുതിർന്നവർ തങ്ങളുടെ കുട്ടിക്കാലത്തേക്ക് കൂടിയാണ് സഞ്ചരിക്കുന്നത്. സർക്കസ് തമ്പിൽ നിന്ന് സർക്കസ് വേദിയിലേക്കുള്ള മാറ്റം ആഹ്ലാദത്തോടെ സ്വീകരിക്കുകയാണ് ജനക്കൂട്ടം.ഒന്നര മണിക്കൂർ നീളുന്ന സർക്കസ് പ്രകടനം കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ 17, 21, 22 തിയ്യതികളിൽ രാവിലെ 11, 1.30, 4.30, 7.30 സമയങ്ങളിലും 18, 19, 20 തിയ്യതികളിൽ 1.30, 4.30, 7.30 സമയങ്ങളിലുമാണ് പ്രദർശനം. ടിക്കറ്റുകൾ ലഭിക്കാൻ ബുക്ക് മൈ ഷോയും കൺവെൻഷൻ സെന്ററിലെ കൗണ്ടറും സന്ദർശിക്കാവുന്നതാണ്.

